കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കടലുണ്ടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.16/1667/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in
Phone – 0495 2371012
തിയ്യതി. 30.09.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കടലുണ്ടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കടലുണ്ടി ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഒന്നാം ഭാഗത്തെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.കെ.ഡി. പി.16/1667/2019 തിയ്യതി 30.09.2019.

**കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട്ജില്ലയിലെ കടലുണ്ടിഗ്രാമപഞ്ചായത്തിന്റെ 2018 -19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-03-2019 മുതൽ 25-08-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28അന്വേഷണക്കുറിപ്പുകൾ നൽകി. 13 അന്വേഷണ ക്കുറിപ്പുകൾക്ക് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.82019 മുതൽ 05.9.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ പി ഹരി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി. എ. കെ. ഷൈന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ആർ. കെ. ദിശ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ അഫ്സൽ ടി എം. ഓഡിറ്റർ<br>ശ്രീ. ഷിബിൻ കെ എസ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സി. കെ. അജയകുമാർ | 1.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. ടി.കെ. ഫവാസ് ഷമീം | 1.04.2018 മുതൽ 21.06.2018 വരെ |
| | ശ്രീമതി സുരക്ഷിത യു ടി (IC) | 22.06.2018 മുതൽ 28.06.2018 വരെ |
| | ശ്രീ സുനിൽ കുമാർ പി ജി | 28.06.2018 മുതൽ 06.08.2018 വരെ |
| | ശ്രീ രാമചന്ദ്രൻ എം | 06.08.2018 മുതൽ 08.10.2018 വരെ |
| | ശ്രീ. അബ്ദുൽ മുഖ്തതർ (IC) | 08.10.2018 മുതൽ 17.10.2018 വരെ |
| | ശ്രീ പ്രസന്ന കുമാർ കെ | 17.10.2018 മുതൽ 23.12.2018 വരെ |
| | ശ്രീ. അബ്ദുൽ മുഖ്തതർ (IC) | 24.12.2018 മുതൽ 25.02.2019 വരെ |
| | ശ്രീ പ്രസന്ന കുമാർ കെ | 25.02.2019 മുതൽ 31.03.2019 വരെ |

**(സി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. യു. ടി. സുരക്ഷിത | 01.04.2018 മുതൽ 16.07.2018 വരെ |
| | ശ്രീ. അബ്ദുൽ മുഖ്ത്തർ | 16.07.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. എം. ജി. ഷനൂപ് | 1.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി. പ്രിൻസി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. കെ. എസ്. അപർണ | 1.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. നൂർജഹാൻ<br>ശ്രീമതി. പുഷ്പ പി | 01.04.2018 മുതൽ 06.07.2018 വരെ<br>06.07.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. കെ. കെ. രാമകൃഷ്ണൻ<br>ശ്രീ കുഞ്ഞായൻകുട്ടി<br>ശ്രീ അബ്ദിസ്സലാം പി | 01.04.2018 മുതൽ 31.05.2018 വരെ<br>01.06.2018 മുതൽ 20.11.2018 വരെ<br>21.11.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്..സി | ഡോ. പി. സി. അനിൽകുമാർ | 1.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. ഷാഹിദ. ടി. പി<br>ഡോ. യദു നന്ദനൻ | 1.04.2018 മുതൽ 12.07.2018 വരെ<br>12.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. എം. റീന | 1.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. | ശ്രീമതി. ബിന്ദു സി.വി<br>ശ്രീമതി. പി. ടി. സുലേഖ | 1.04.2018 മുതൽ 31.03.2019 വരെ<br>1.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സി. ലാവണ്യ<br>ശ്രീമതി. ശ്രീകാന്തി എൻ | 1.04.2018 മുതൽ 06.06.2018 വരെ<br>06.06.2018 മുതൽ 31.03.2019 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീ. ടോണി ജോസഫ് | 01.04.2018 മുതൽ 16.10.2018 വരെ |

| | | |
|---|---|---|
| | ശ്രീമതി. ലീന മാരി എ<br>ശ്രീ രാജൻ | 25.11.2018 മുതൽ 19.12.2018 വരെ<br>19.12.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | <u>ഭാഗം-1</u><br><u>പൊതു അവലോകനം</u> | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം ( ACR പ്രകാരം ) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-13-1 മുതൽ<br>1-13-17 വരെ |
| 14 | <u>ഭാഗം-2</u><br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-14-1 മുതൽ<br>1-14-17 വരെ |
| 15 | മാസ്റ്റേഴ്സ് സർവ്വീസ് സ്റ്റേഷൻ-ചീഫ് ടൗൺ പ്ലാനറുടെ നിർദ്ദേശ പാലിക്കാതെ പെർമിറ്റ് നൽകി, വസ്തു നികുതി കണക്കാക്കിയതിൽ കുറവും | 2-1 |
| | <u>ഭാഗം-3</u> | |
| 16 | കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല | 3-1 |
| 17 | തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു | 3-2 |
| 18 | ക്ഷേത്രങ്ങളുടെ നവീകരണത്തിനായി പട്ടിക ജാതി വികസന വകുപ്പിൽ നിന്നും | 3-3 |

| | | |
|---|---|---|
| | ലഭിച്ച ഫണ്ട് വിനിയോഗം അപാകതകൾ | |
| 19 | പാലിയേറ്റീവ് കെയർ പദ്ധതി ഹോം കെയർ ടീമിന് അധിക ഭക്ഷണചെലവ് അനുവദിച്ചു | 3-4 |
| | ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 27 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 30 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 21.03.2018 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 18.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 26-07-2019--27-07-2019 | കെ.എസ്.എ.കെ.കെ.ഡി.ഇ.2./887/2019 (17) തീയതി 03.08.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 43,68,062 |
| | |

| | |
|---|---|
| വരവ് | 118102837 |
| ആകെ | 122470899 |
| ചെലവ് | 104331252 |
| നീക്കിയിരിപ്പ് | 18139647 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | – | 21591085 | 21591085 | 21591085 | 0 |
| വികസനഫണ്ട് എസ്.സി.പി. | | – | 7429000 | 7429000 | 7429000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | | – | – | – | – | – |
| സംരക്ഷണഗ്രാന്റ് റോഡ് | | – | 14866897 | 14866897 | 14866897 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | – | 4261869 | 4261869 | 4261869 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | – | 9158863 | 9158863 | 9158863 | 0 |
| കെ.എൽ.ജി.എസി.ജി.ഡി.പി | | – | 0 | 0 | 0 | 0 |
| MNREGS | തൊഴിലാളികളുടെ കൂലി | 0 | 14808231 | 14808231 | 14808231 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9372 | 360827 | 370199 | 355231 | 14968 |
| ബി. ഫണ്ട് | | – | 262160 | 262160 | 262160 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 240 | 124308738 | 164 | 80520991 | 65 | 11 | 68.33 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| MNREGS – തൊഴിലാളികളുടെ കൂലി | – | 14447404 | 14447404 | 14447404 | 0 |
| MNREGS – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9372 | 360827 | 370199 | 355231 | 14968 |
| ആകെ | 9372 | 14808231 | 14817603 | 14802635 | 14968 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30960 | 62 |
| കർഷക തൊഴിലാളി പെൻഷൻ | 3479600 | 863 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 16994300 | 4158 |
| വാർദ്ധക്യകാല പെൻഷൻ | 31548600 | 7837 |
| വികലാംഗ പെൻഷൻ | 4949500 | 1172 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2954200 | 726 |
| വിവാഹ ധനസഹായം | 450000 | 15 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.08.2019 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലായിരുന്നു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

ചെക്ക്&ഡ്രാഫ്ററ് രജിസ്ററർ, ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്) ന് പ്രത്യേകം രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വാടക രജിസ്റ്റർ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡേബുക്കും ക്യാഷ് ബുക്കും എല്ലാ ദിവസവും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിവിധ പെൻഷൻ പദ്ധതികളുടെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-05-2019 | 01-03/2019 | PAU 2/RAR /KDY/17 തീയതി 01.07.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.02.2003 മുതൽ 15.03.2003 വരെ | 1997 മുതൽ 2002 വരെ | SPL.CELL. (HQ) IV/8A 418 /906 27.6.2003 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1) പഞ്ചായത്തിന് ലഭിച്ചതും മൂന്ന് മാസത്തിലധികരിച്ചിട്ടുള്ളതുമായ ചെക്കുകൾ ബാങ്കിൽ വരവ് വന്നിട്ടില്ല.

| ക്രമ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | 340567 | 6/8/18 | 31000 |
| 2 | 9478685 | 28/2/18 | 21250 |

2) ഡി&ഒ ലൈസൻസ് രജിസ്ററർ പ്രകാരമുള്ള വരവ് തുകയും എ.എഫ്.എസ് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

3) പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്) ന് പ്രത്യേകം രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

4) വാടക രജിസ്റ്റർ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ മൂന്ന് മുറികളുടെ വാടകക്കാരിൽ നിന്നും ജി.എസ്.ടി ഈടാക്കിയിട്ടില്ല.
5) ഡേബുക്കും ക്യാഷ് ബുക്കും എല്ലാ ദിവസവും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6) എ.എഫ്.എസ് പ്രകാരം എംപ്ളോയീസിന്റെ തൊഴിൽ നികുതി 1770990/- രൂപയാണ്. എന്നാൽ രജിസ്റ്റർപ്രകാരം ഇത് 1768490/- രൂപയാണ്.

7) ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

8) വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

9) വസ്തുനികുതി ഡി.സി.ബി സ്റ്റേറ്റ്മെന്റും ഡിമാന്റ് രജിസ്റ്ററും സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടില്ല.

10) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

11) ഡിപ്രീസിയേഷൻ നിരക്ക്, ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുർദൈർഘ്യം എന്നിവ നിശ്ചയിക്കാതെയാണ് ആസ്തികളുടെ തേയ്മാനം കണക്കാക്കിയിരിക്കുന്നത്.

12) സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

13) വാർഷിക കണക്കിലെ B7 ഷെഡ്യൂൾ പ്രകാരമുള്ള ആകെ തുകയും ഡെപ്പോസിറ്റ് രജിസ്റ്ററിലെ സംക്ഷിപ്തവും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇനം തിരിച്ചുള്ള ഡെപ്പോസിറ്റുകളുടെ കണക്ക് സൂക്ഷിച്ചിട്ടില്ല.

14) അഡ്വാൻസ് രജിസ്റ്റർ സംക്ഷിപ്തവും വാർഷിക കണക്കിലെ B18 ഷെഡ്യൂൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നുണ്ടെങ്കിലും (1789684/-) പ്രസ്തുത ഹെഡിലെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

15) B4 Statement (grandts and contribution) പ്രകാരം താഴെ കാണിച്ച നീക്കിയിരിപ്പ് തുകകൾ ഏത് ബാങ്ക് അക്കൗണ്ടിലാണ് എന്ന് വ്യക്തമല്ല.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് നം. (ബി ) | തുക |
|---|---|---|
| 1 | 320300199 | 552742 |
| 2 | 320900101 | 63500 |
| 3 | 320100121 | 717931 |

കൂടാതെ മേൽ പരാമർശിച്ച ക്രമ നം. മൂന്നിലെ എ.സി.ആർ പ്രകാരമുള്ള തുകയും (1917931/-) ലെ B4 ലെ തുകയും(717931/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

16) B4 ഷെഡ്യൂൾ കോഡ് നം 320100116 പ്രകാരം എസ്.എസ്.എ ഫണ്ട് 60478/- രൂപയാണ്, എന്നാൽ പ്രസ്തുത ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് തുക (B17) 61518/- രൂപയാണ്. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

17) എ.എഫ്.എസ്. B9 പ്രകാരമുള്ള റിക്കവറി തുകയും മാർച്ച് മാസത്തെ ശമ്പള ബില്ലിലെ റിക്കവറി തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | B9 പ്രകാരമുള്ള റിക്കവറി തുക | മാർച്ചിലെ ശമ്പളബിൽ പ്രകാരം |
|---|---|---|---|
| 1 | CMDRF | 42120 | 49420 |
| 2 | LIC | 26569 | 33493 |
| 3 | SLI | 6800 | 6850 |

# 1-13-1 മാസ്റ്റേഴ്സ് സർവ്വീസ് സ്റ്റേഷൻ-ചീഫ് ടൗൺ പ്ലാനറുടെ നിർദ്ദേശം പാലിക്കാതെ പെർമിറ്റ് നൽകി, വസ്തു നികുതി കണക്കാക്കിയതിൽ കുറവും

1) മാസ്റ്റേഴ്സ് സർവ്വീസ് സ്റ്റേഷൻ ശ്രീ.ബാബു.കെ യുടെ ഉടമസ്ഥതതയിലുള്ള എച്ച്.പി.സി.എൽ ഡീലറായ ഒരു പെട്രോൾ പമ്പാണ്.ഇതിന് നിർമ്മാണത്തിന് ബി.എൽ 168/16-17 നമ്പറിൽ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.(ഫയൽ നമ്പർ എ2.7907/16). എന്നാൽ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി ഫയൽ സമർപ്പിച്ചതിൽ ചീഫ് ടൗൺ പ്ലാനറുടെ 08.08.2017ലെ ഡി.4034/2017/ഡി.സിസ് നടപടിക്രമത്തിൽ ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണമെന്നും, കട്ടിംഗ് / ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി വാങ്ങിയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾക്ക് സെക്രട്ടറി വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടതല്ലാതെ മാലിന്യസംസ്കരണത്തിന്റെ സംവിധാനമോ, മണ്ണ് കട്ടിംഗ് ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി യോ ഫയലിലില്ല. ഇത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തുടർന്ന് കെട്ടിട പണി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഈടാക്കിയതിൽ പെട്രോൾ പമ്പിന്റെ ഓഫീസിന്റെ വിസ്തീർണ്ണമായ 33.53 ച.മീറ്ററിന്, ഒരു ച.മീറ്ററിന് 50 രൂപ നിരക്കിൽ 33.53 ച.മീറ്ററിന് 1676.5 രൂപയിൽ 10% മേഖല ഇളവും 20% വഴി സൗകര്യ വർദ്ധനവും കണക്കാക്കി ആകെ 1845 രൂപ വസ്തു നികുതി ഈടാക്കുകയായിരുന്നു. എന്നാൽ ഒരു പെട്രോൾ പമ്പിന്റെ ഭാഗം തന്നെയാണ് കനോപ്പി ഏരിയ.(കേരള പഞ്ചായത്ത് നിർമ്മാണ ചട്ടം 2 എം കാണുക). മേൽ പമ്പിന്റെ കനോപ്പി ഏരിയ എന്നത് 176 ച.മീറ്ററാണ്. ഇത് കൂടി കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ 209.53 ച.മീറ്ററായിരിക്കും. ആയതിന് 50 രൂപ ഒരു ച.മീറ്ററിന് എന്ന നിരക്കിൽ 10% മേഖല ഇളവും 20% വഴി സൗകര്യ വർദ്ധനവും കണക്കാക്കുമ്പോൾ വസ്തു നികുതി 11524 രൂപയായിരിക്കും.

കുറവു വന്ന തുക 11524 – 1845 = 9679 രൂപ

2) കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള കടലുണ്ടി വില്ലേജിൽ റീ.സർവേ നമ്പർ 7/1 ൽ പ്പെട്ട 12.74 സെന്റ് സ്ഥലത്ത് ശ്രീ.അജ്മൽ.കെ.വി യുടെ ഉടമസ്ഥതതയിലുള്ള പെട്രോൾ പമ്പിന്

ബി.എൽ 176/17-18 നമ്പറിൽ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. (ഫയൽ നമ്പർ എ2-9872/18).

കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഈടാക്കിയതിൽ പെട്രോൾ പമ്പിന്റെ ഓഫീസിന്റെ വിസ്തീർണ്ണമായ 33.53 ച.മീറ്ററിന്, ഒരു ച.മീറ്ററിന് 50 രൂപ നിരക്കിൽ 23.63 ച.മീറ്ററിന് 1181.5 രൂപയിൽ 10% മേഖല ഇളവും 20% വഴി സൗകര്യ വർദ്ധനവും കണക്കാക്കി ആകെ 1300 രൂപ വസ്തു നികുതി ഈടാക്കുകയായിരുന്നു.എന്നാൽ ഒരു പെട്രോൾ പമ്പിന്റെ ഭാഗം തന്നെയാണ് കനോപ്പി ഏരിയ.(കേരള പഞ്ചായത്ത് നിർമ്മാണ ചട്ടം 2 എം കാണുക).മേൽ പമ്പിന്റെ കനോപ്പി ഏരിയ എന്നത് 110.65 ച.മീറ്ററാണ്. ഇത് കൂടി കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ 134.28 ച.മീറ്ററായിരിക്കും.ആയതിന് 50 രൂപ ഒരു ച.മീറ്ററിന് എന്ന നിരക്കിൽ 10% മേഖല ഇളവും 20% വഴി സൗകര്യ വർദ്ധനവും കണക്കാക്കുമ്പോൾ വസ്തു നികുതി 7386 രൂപയായിരിക്കും.

കുറവു വന്ന തുക 7386 – 1300 = 6086 രൂപ

ആകെ കുറവു വന്ന തുക – 9679+6086 = 10979 രൂപ

# 1-13-2 തൊഴിൽ നികുതി-അപാകതകൾ

i) കടലുണ്ടി ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു.നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി,ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. (ക്രമ നമ്പർ ഒന്ന് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നൽകേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും നിയമപ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു). ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

എ) സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 3352 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2018-19 വർഷത്തിൽ വേക്കൻസി റെമിഷൻ ആർക്കും അനുവദിച്ചിട്ടില്ല. അതായത് 3352 കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കപ്പെടുത്തുന്നുണ്ടെന്ന് കാണാം. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 442 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. അതായത് അവശേഷിക്കുന്ന 2910 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ ക്രമ നമ്പർ 3 പ്രകാരമുള്ള കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു.വേക്കൻസി റമിഷൻ കഴിഞ്ഞ് 2910കെട്ടിടങ്ങൾ ഉണ്ടെന്നുള്ളതിനാൽ പരമാവധി അത്രയും ഡിമാന്റുകൾ കൂടി തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാകാനിടയുണ്ട്.

സി) വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് ലൈസൻസ് അനുവദിക്കപ്പെട്ട 519 സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി) ട്രെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. ഡി&ഒ ലൈസൻസ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാക്കണമെന്നും അതുവഴി തൊഴിൽ നികുതി വരുമാനം കൂടി വർദ്ധിപ്പിക്കാമെന്നും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ചചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദമായ അജണ്ട ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്തിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്.

ii)<u>തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല</u>

കടലുണ്ടി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ് / കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 5/477 ബി | കിനാലൂർ വോക്സ് ഫൂട്ട് വെയർ | 4 |
| 2 | 15/189 സി | എസ് മാക്സ് ഇൻഡസ്ട്രിയൽ | 2 |
| 3 | 12/392 എ,സി | അശ്വിൻ സ്റ്റീൽ ഫർണിച്ചർ | 4 |
| 4 | 16/48 | കെ.പി.ഫാബ്രിക്കേറ്റേഴ്സ് | 3 |
| 5 | 8/367 ബി | ബെസ്റ്റ് ബേക്കറി | 5 |
| 6 | 10/134 | അൽമാസ് ഫാഷൻ ജ്വല്ലേഴ്സ് | 3 |
| 7 | 3/244 ബി,സി | വണ്ടർ മോട്ടോർസ് | 4 |
| 8 | 8/267 എ,ബി,സി | വാജിദ്എസ്.എസ് ഗോൾഡ്&ഡയമണ്ട്സ് | 4 |
| 9 | 14/400 ഡി,ഇ | റാണി സൂപ്പർമാർട്ട് | 2 |
| 10 | 9/107 | വിഘ്നേഷ് പാക്ക് വേൾഡ് | 4 |
| 11 | 13/606 ഡി | റോയൽ മാക്സ് ഫൂട്ട് വെയർ | 4 |
| 12 | 9/444 | ഇൻഡസ് പോളിമേഴ്സ് | 3 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. കൃത്യമായ ഫീൽഡ് പരിശോധന നടത്തി ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും സെക്രട്ടറിയും ഉറപ്പുവരുത്തേണ്ടതാണ്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നം, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1) വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി

പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2) എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

3) തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4) ട്രേഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

5) മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

2019-20 വർഷത്തിന്റെ രണ്ടാം അർദ്ധവർഷം മുതൽക്കുതന്നെ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കി ഇത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കുകയും ,ഇതുമൂലമുണ്ടായ വരുമാന വർദ്ധനവ് സംബന്ധിച്ച വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

# 1-13-3 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2018-19 വർഷത്തിൽ കടലുണ്ടി ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 442 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ

പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2018 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 78 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

സഞ്ചയ പ്രകാരം പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 3352 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 442 പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ് . പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിന് വേണ്ടി നോട്ടീസ് നൽകിയതായി സെക്ഷൻ അറിയിച്ചിട്ടുണ്ടെങ്കിലും ഡി&ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

<u>**മറ്റ് അപാകതകൾ**</u>

1. 2018-19 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഡി&ഒ ലൈസൻസ് അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല. ചില ലൈസൻസ് അപേക്ഷകളിൽ സ്ഥാപനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്ന എന്നത് പോലും രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച പല ഡി & ഒ അപേക്ഷകളിലും വിറ്റുവരവ് കോളം, ലൈസൻസ് ആവശ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ പൂരിപ്പിച്ചിട്ടില്ല. അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷമാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.14/18-19 തീയതി-04.09.19) മറുപടി ലഭ്യമായിട്ടില്ല.

# 1-13-4 രശീത് സൂക്ഷിപ്പിലെ അപാകതകൾ

കടലുണ്ടി ഗ്രാമപഞ്ചായത്തിലെ ഓഫീസ് ഉത്തരവ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 16.08.2017 തീയതിയിലെ ഓഫീസ് ഉത്തരവ് നമ്പർ 8/2017 പ്രകാരം ഫ്രണ്ട് ഓഫീസിലും, ഫീൽഡിൽ നിന്നും രസീത് പ്രകാരവും ലഭിക്കുന്ന കളക്ഷൻ തുക പരിശോധിക്കുകയും അത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും തുക പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കി എന്നും ഉറപ്പുവരുത്തേണ്ടത് ജൂനിയർ സൂപ്രണ്ടിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ കടലുണ്ടി ഗ്രാമപഞ്ചായത്തിൽ ഫീൽഡിൽ നിന്നും രസീത് പ്രകാരം ലഭിക്കുന്ന ഔട്ട്ഡോർകളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി അടവാക്കുന്നതിന്റെ മേൽനോട്ടം 2018-19 വർഷത്തിൽ കൃത്യമായി നിർവഹിച്ചിട്ടില്ല.

2018-19 വർഷത്തെ ഡേബുക്ക്, സാംഖ്യ രസീതുകൾ എന്നിവയുടെ പരിശോധനയിൽ ഡേബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്നത്

ശ്രദ്ധയിൽപ്പെട്ടു.താഴെപ്പറയുന്ന ദിവസങ്ങളിലെ ക്യാൻസൽ ചെയ്ത രസീതുകളുടെ റിപ്പോർട്ട് പരിശോധനയിൽ ലഭിച്ചില്ല.

| തീയതി | സാംഖ്യ രസീത് നം | സ്റ്റേഷനറി നം |
|---|---|---|
| 10.04.2018 | 118210100235 | 5760937 |
| 28.04.2018 | 118210101026 | 5762000 |
| 28.04.2018 | 118210101027 | 5761999 |
| 23.08.2018 | 118210104408 | 5765170 |
| 23.08.2018 | 118210104409 | 5765171 |
| 23.08.2018 | 118210104421 | 5765187 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/18-19 തീയതി-04.09.19) മറുപടി ലഭ്യമായിട്ടില്ല.

## 1-13-5 സേവനങ്ങൾ നൽകുന്നതിന്നിന് നിയമപ്രകാരമുള്ള ഉപനികുതിഈടാക്കുന്നില്ല.

**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം **200(2)** പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം**,** ജലവിതരണം**,** സ്കാവൻജിംഗ്**,** തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്**. 14.01.2011** ലെ കേരള അസാധാരണ ഗസറ്റ് നമ്പർ **82** ൽ **2011** ലെ കേരള പഞ്ചായത്ത് രാജ് **(**വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും**)** ചട്ടങ്ങൾ എസ്**.**ആർ**.**ഒ**.** നമ്പർ **37/2011** ആയി സർക്കാർ പ്രസിദ്ധീകരിച്ചു**.** പ്രസ്തുത ചട്ടങ്ങളിലെ ചട്ടം**.27** പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്**.** കൂടാതെ ചട്ടം**.29** പ്രകാരം പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്**.** എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടി ക്രമങ്ങൾ പൂർത്തീകരിച്ചില്ല**. 2018-19**സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു**.**

| | |
|---|---|

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| തെരുവ് വിളക്ക് | 713727 |
| **പൊതു ടാപ്പുകൾ** | **288750** |
| **ആകെ** | 1002477 |

സേവനങ്ങൾ നൽകുന്നതിന് നിയമ പ്രകാരമുള്ള ഉപനികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

# 1-13-6 പെർമിറ്റ് അനധികൃതം-അന്വേഷിച്ച് നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ റീസർവെ നമ്പർ 78/5 D ലെ 19.27 സെന്റ്(7.803 ആർസ്) സ്ഥലത്ത് വാണിജ്യ കെട്ടിടം നിർമ്മിക്കുവാൻ 2016-17 വർഷത്തിൽ ബി.എൽ.148/16-17 തീ-23.12.2016 നമ്പറിൽ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഈ സ്ഥലം 6 പേരുടെ ഉടമസ്ഥാവകാശത്തിലായിരുന്നത് ആധാരം നമ്പർ 1878/2018 പ്രകാരം 06.07.2018ന് വാമങ്ങാടൻ സലീം എന്നയാൾക്ക് കൈമാറ്റം ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത നിർമ്മാണ പെർമിറ്റും സലീമിന്റെ പേരിലേക്ക് മാറ്റുവാൻ അനുമതിക്കായി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കംപ്ലീഷൻ പ്ലാനും 01.07.2019ൽ സമർപ്പിച്ചു. സൈറ്റ് പരിശോധനയിൽ താഴെ താഴെ കൊടുത്ത അപാകത ശ്രദ്ധയിൽപ്പെടുത്തുവാൻ 22.08.2019ന് നോട്ട് രേഖപ്പെടുത്തിയതായി ഫയലിൽ കാണുന്നു.

1) കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പെർമിറ്റിൽ നിന്നും വളരെയധികം മാറ്റത്തോടെയാണ് കെട്ടിടം നിർമ്മിച്ചത്.

2) കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടപ്രകാരം( റൂൾ 38(4) ) ഇരുചക്രവാഹനങ്ങൾക്ക് പാർക്കിംഗ് ഏർപ്പെടുത്തിയിട്ടില്ല.

3) പ്ലാൻ പ്രകാരം കാർപ്പെറ്റ് ഏരിയ കുറവായാണ് രേഖപ്പെടുത്തൽ, എന്നാൽ നിർമ്മിച്ചത് കൂടുതലാണ്.

4) മഴവെള്ള സംഭരണി പ്ലാനിൽ 12600 ലിറ്ററാണ്.ഇത് കുറവും റൂൾ 102 പ്രകാരം സ്റ്റോറേജ് ടാങ്ക് നിർമ്മിക്കേണ്ടതുമാണ്.

5) അതിർത്തിയുടെ അളവ് പെർമിറ്റ് പ്രകാരവും കംപ്ലീഷൻ പ്രകാരവും വ്യത്യാസം കാണുന്നു.

മേൽ സൂചിപ്പിച്ച 5 പ്രധാന പോരായ്മകൾ ഉൾപ്പടെ ഏഴോളം അപാകതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1) വാണിജ്യകെട്ടിടം നിർമ്മിച്ചിരിക്കുന്നത് നഞ്ച എന്ന് രേഖപ്പെടുത്തിയ സ്ഥലത്താണ്. കൂടാതെ സ്ഥലത്തിന്റെ അവകാശം കൈമാറ്റം ചെയ്യുന്ന ആധാരത്തിൽ പ്രസ്തുത സ്ഥലത്തിന്റെ തരം രേഖപ്പെടുത്തിയത് ഇപ്രകാരമാണ്. ചാപ്പൊക്കനിലം ഉർത്ത് തൈവെച്ച് പറമ്പാക്കി എന്നാണ്. കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് അനുവദിച്ചത് 2016-17 വർഷമാണെന്നും, 13.08.2018ലെ തസ്വഭവ-406/ആർ.എ1/2018 നമ്പർ സർക്കുലർ പ്രകാരം 2018ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് നിലവിൽ വരുന്നതിന് മുൻപ് (30.12.2017ന് മുൻപ്) അനുവദിച്ച നിർമ്മാണ പെർമിറ്റിന്, തദ്ദേശസ്വയംഭരണ സ്ഥാപനം അക്കാലത്ത് വിശദമായ പരിശോധന നടത്തി അനുവദിച്ച പെർമിറ്റിന് 30.12.2017ന് ശേഷമുള്ള നിയമഭേദഗതി ബാധകമല്ലെന്ന്

വ്യക്തമാക്കുന്നു.ഇത് ചൂണ്ടിക്കാണിച്ചാണ് ഇതിന് കംപ്ലീഷൻ പ്ലാൻ അനുവദിക്കുന്നത്.2016-17 വർഷത്തിൽ 2008ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാണ്. 2016-17 വർഷത്തിൽ നഞ്ച സ്ഥലത്ത് വാണിജ്യാവശ്യത്തിന് കെട്ടിടനിർമ്മാണ അനുമതി നൽകിയതിന് വിശദമായ അന്വേഷണം നടത്തി ഉത്തരവാദിയായ സെക്രട്ടറിക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

2) കംപ്ലീഷൻ പ്ലാൻ പ്രകാരം അപാകത ചൂണ്ടിക്കാട്ടിയ സാഹചര്യത്തിൽ, ആയത് പരിഹരിച്ചാലും മേൽ (ഖണ്ഡിക ഒന്നിലെ) പരാമർശത്തിലെ അപാകത നിലനിൽക്കുന്നതിനാൽ പെർമിറ്റ് അനുവദിക്കുന്നത് അഭികാമ്യമല്ല.

# 1-13-7 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

കടലുണ്ടി ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 70 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

1)

| കെട്ടിട നം | പേര്, വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 50 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(ഇളവ് - 10% മേഖല, വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 13/79 A | കൊടക്കാട്ട് ചക്കുംകൊല്ലത്ത് ദിനേശ് കുമാർ | 28.7 $m^2$ വാണിജ്യം | 1579 + 79 (5% LC) = 1658 |
| 13/79 B | | 16.56 $m^2$ വാണിജ്യം | 911 + 46 (5% LC) = 957 |
| | | | |

| | | | |
|---|---|---|---|
| 13/79 C | | 20.6 $m^2$ വാണിജ്യം | 1133 + 57 (5% LC) = 1190 |
| 13/79 D | | 45.25 $m^2$ വാണിജ്യം | 2489 + 125 (5% LC) = 2614 |
| | ആകെ | 111.11 $m^2$ | 6112 + 307 (5% LC) = 6419 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 70/- രൂപ

ആകെ തറവിസ്തീർണ്ണം- 111.11 ച.മീ

111.11 x 70 = 7777.7- (10% മേഖല ഇളവ്) + (20% വഴിസൗകര്യം വർദ്ധനവ്) = 8556+428 (5% LC) = 8984

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 8984

ഈടാക്കിയ നികുതി - 6419

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 2565

2)

| കെട്ടിടനം | പേര്, വിലാസം | രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 50 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(ഇളവ് - 10% മേഖല, വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 13/490 A | നാലകത്ത് കോട്ടാത്തൊടി അബ്ദുറഹിമാൻ, നാലകത്ത്, വള്ളിക്കുന്ന് | 30.88 $m^2$ വാണിജ്യം | 1699 + 85 (5% LC) = 1784 |
| 13/490 B | | 43.55 $m^2$ വാണിജ്യം | 2396 + 120 (5% LC) = 2516 |
| 13/490 C | | 43.65 $m^2$ വാണിജ്യം | 2401 + 121 (5% LC) = 2522 |
| 13/490 D | | 54.83 $m^2$ വാണിജ്യം | 3016 + 151 (5% LC) = 3167 |
| 13/490 E | | 19.09 $m^2$ വാണിജ്യം | 1050 + 53 (5% LC) = 1103 |
| | ആകെ | 192 $m^2$ | 10562 + 530 (5% LC) = 11092 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 70/- രൂപ

ആകെ തറവിസ്തീർണ്ണം- 192 ച.മീ

192 x 70 = 13440- (10% മേഖല ഇളവ്) + (20% വഴിസൗകര്യം വർദ്ധനവ്) = 14784+740 (5% LC) = 15527

ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 15527

ഈടാക്കിയ നികുതി - 11092

നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം - 4435

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യാവശ്യത്തിനു പയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14-1 സമഗ്ര ശുചിത്വപരിപാടി - പ്ലാസ്റ്റിക് ബിൻ വാങ്ങലും, സ്റ്റിക്കർ പതിക്കലും, ബിൻ വിനിയോഗിക്കാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ സമഗ്ര ശുചിത്വ പരിപാടിയുടെ ഭാഗമായി 2 പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. (പ്രോജക്ട് നമ്പർ. 180/018, 268/018). ഇതിന്റെ ഭാഗമായി മാലിന്യം ശേഖരിച്ച് കൊണ്ടുപോകാൻ ഒരു ഓട്ടോറിക്ഷയും, പ്ലാസ്റ്റിക് ബിൻ വാങ്ങി, അതിൽ സ്റ്റിക്കർ പതിച്ച് വിതരണം പദ്ധതിയിൽ ലക്ഷ്യമിട്ടത്. 2018-19 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം ചെയ്ത ഈ പദ്ധതിയുടെ ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നം / തീയതി | തുക | വിശദാംശം |
|---|---|---|---|
| 1 | 43/ 22.03.2019 | 260450 | പിയാജിയോ ഗുഡ്സ് വണ്ടി വാങ്ങിയ ചെലവ് |
| 2 | 47/ 31.03.2019 | 488480 | രാജേഷ് പാട്ടയിൽ എന്ന സ്ഥാപനത്തിൽ നിന്ന് 6106 പ്ലാസ്റ്റിക് ബിൻ വാങ്ങി |
| 3 | 50/ 31.03.2019 | 480000 | രാജേഷ് പാട്ടയിൽ എന്ന സ്ഥാപനത്തിൽ നിന്ന് 6000 പ്ലാസ്റ്റിക് ബിൻ വാങ്ങി |
| 4 | 49/ 31.03.2019 | 30000 | രാജേഷ് പാട്ടയിൽ എന്ന സ്ഥാപനത്തിൽ നിന്ന് 12000 സ്റ്റിക്കർ വാങ്ങി |

മേൽ ചെലവിൽ 968480 രൂപ 12106 പ്ലാസ്റ്റിക് ബിൻ വാങ്ങാനാണ് ഉപയോഗിച്ചത്. (ഒരു ബിന്നിന് 80 രൂപ നിരക്കിൽ 12106 എണ്ണത്തിന് 968480 രൂപ). ഇത് വാർഡുകളിലുള്ള വിവിധ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയാണുണ്ടായത്. ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

27.10.2018ലെ 16-10 നമ്പർ അജണ്ടയിലെ ഭരണസമിതി തീരുമാനപ്രകാരം, 22 വാർഡിലേയും, കുടുംബശ്രീ, ഹരിതകർമ്മസേന, അങ്കണവാടി ടീച്ചർമാർ എന്നിവരുടെ സഹായത്തോടെ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ബിൻ വിതരണം ചെയ്ത ഗുണഭോക്താക്കളുടെ പേര്, വിലാസം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചേൽപ്പിക്കുന്നത് 03.11.2019 വരെ മെമ്പർമാർക്ക് സമയം നൽകിയിട്ടുണ്ട്. 22 വാർഡുകളിലായി 9027 ബിന്നുകൾ മാത്രമാണ് വിതരണം ചെയ്തത്. അവശേഷിക്കുന്ന ബിന്നുകൾ എന്ത് ചെയ്തെന്ന് വ്യക്തമല്ല. കുറച്ച് ബിന്നുകൾ ഗ്രാമപഞ്ചായത്തിന്റെ മുൻവശം അട്ടിയിട്ടതായി കാണുന്നു. 3079 ബിന്നുകൾ ഉപയോഗപ്രദമല്ലാതായിട്ടുള്ളതിന് കാരണം വേണ്ടത്ര പഠനം നടത്താതെ പദ്ധതി വിഭാവനം ചെയ്തതിനാലാണ്. 3079 ബിന്നുകൾക്ക് 246320 രൂപ ചെലവായിട്ടുണ്ടാകും (3079 x 80 = 246320). ഇത് വൃഥാവിലായിരിക്കുകയാണ്. അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ 3079 ബിന്നുകൾ എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ ബിന്നുകളും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് ഓഡിറ്റിനെ അറിയിച്ച തടസ്സം ഒഴിവാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-14-2 തൊഴിലുറപ്പുപദ്ധതി- പ്രവർത്തിക്കാനാവശ്യമായ മെറ്റീരിയൽ കരാറുകാരിൽ നിന്നും വാങ്ങുന്നു

എം ജി എൻ ആർ ഇ ജി എസ് പദ്ധതിപ്രകാരം 2018 -19 വർഷം രണ്ട് പദ്ധതികൾക്ക് മെറ്റീരിയൽ ആവശ്യമായിട്ടുണ്ട്. 12-04 -2018ന് ടെണ്ടറും 25-06-2018 ന് റീടെണ്ടറും ക്ഷണിച്ചതിൽ ആരും പങ്കെടുക്കാത്തതിനാൽ ആവശ്യമായ സാധനസാമഗ്രികൾ കൊട്ടേഷൻ മുഖേന വാങ്ങുന്നതിന് 10 -7 -2018 ൽ (അജണ്ട-2) ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു. 23- 7- 2018 ലെ കൊട്ടേഷനിൽ സുരേന്ദ്രൻ. പി ക്ക് കൊട്ടേഷൻ 24- 07- 18 ന് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചു. ഇത് പ്രകാരം താഴെ കൊടുക്കുന്ന പ്രവൃത്തിക്ക് 1004 304 രൂപ മെറ്റീരിയൽസ് സപ്ലൈ ചെയ്ത വകയിൽ സുരേന്ദ്രൻ. പി യ്ക്ക് അനുവദിച്ചിട്ടുണ്ട് വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/എം ബുക്ക് | വിതരണക്കാരന് നൽകിയ തുക |
|---|---|---|
| 1 | കുളത്തും പാഠം റോഡ് 51/18-19 | 359296 |
| 2 | മുക്കത്ത് കടവ്- കുന്നത്ത് റോഡ് നിർമാണം 57/18-19 | 403322 |
| 3 | കുളത്തും പാടം റോഡ് രണ്ടാം ഘട്ടം | 170063 |
| 4 | ഹരിത കേരളം നഴ്സറി നിർമാണം | 71623 |
| | ആകെ | 1004304 |

വിതരണക്കാരന് ബാങ്ക് അക്കൗണ്ടിലേക്ക് തുക ആർ.ടി.ജി.എസ്. ആയി നൽകുകയായിരുന്നു.
ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകത കാണുന്നു.

1)മെറ്റീരിയൽ സപ്ലൈ ചെയ്യാനുള്ള കൊട്ടേഷന്റെ ഭാഗമായി ശ്രീ പി സുരേന്ദ്രൻ സമർപ്പിച്ച ലെറ്റർ ഹെഡിൽ പി.ഡബ്ല്യു.ഡി. കരാറുകാരൻ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അംഗീകൃത വിതരണക്കാരനിൽ നിന്ന് (കോറി, ക്രഷർ എന്നിവ ) ടെണ്ടർ ക്ഷണിക്കേണ്ടതിന് പകരം കരാറുകാരന് കൊട്ടേഷൻ മുഖേന വിതരണാവകാശം നൽകിയത് ശരിയായ നടപടിയല്ല. ഇവിടെ കരാറുകാരൻ ഇടനിലക്കാരനായി സാധന സാമഗ്രികൾ വിതരണം ചെയ്യുകയായിരുന്നു ഇത് ബിനാമി പ്രവൃത്തിക്ക് തുല്യമാണ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടി തൃപ്തികരമല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) 10 ലക്ഷത്തിലധികം രൂപയുടെ സാധനസാമഗ്രികൾ മേൽ കരാറുകാരൻ ഗ്രാമപഞ്ചായത്തിന് വിതരണം ചെയ്തിട്ടും ആയതിന് ക്യാഷ് ബിൽ ഗ്രാമപഞ്ചായത്തിന് നൽകിയതായി കാണുന്നില്ല. ഫോറം 6 പ്രകാരം ക്യാഷ് ബില്ലിന്റെ അഭാവത്തിൽ ശ്രീ. പി. സുരേന്ദ്രൻ മെറ്റീരിയൽ സപ്ലൈ ചെയ്യാനുള്ള സ്ഥാപനം ഇല്ല എന്ന് വ്യക്തമാക്കുന്നു. കൂടാതെ ഇത്തരത്തിൽ ക്യാഷ് ബിൽ വാങ്ങാതെ കരാറുകാരന് സാധനസാമഗ്രികളുടെ വില നൽകിയത് ശരിയായ നടപടിയല്ല അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ ശ്രീ. പി. സുരേന്ദ്രനോട് പ്രസ്തുത തുകയുടെ ജി എസ് ടി.യും പെനാൽടിയും അടച്ച് കാശ് ബിൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടതായും അത് ലഭിക്കുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുമെന്നും സൂചിപ്പിച്ചിട്ടുണ്ട്. ക്യാഷ് ബിൽ ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3) 2% ടി ഡി എസ് പിടിക്കാതെയാണ് കരാറുകാരന് പണം നൽകിയത് . അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ 31/08/2019ന് ശ്രീ. സുരേന്ദ്രനിൽ നിന്നും 21332/- രൂപ ടി.ഡി.എസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയതിന്റെ രസീതി ഹാജറാക്കിയിട്ടുണ്ട്. (രസീതി നം. 0753562 തിയതി 31/08/2019) ഈ തുക ആദായ നികുതി വകുപ്പിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-14-3 തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തെ പ്രൊജക്ടുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ നിർണയിക്കുന്നത്. പി.ഡബ്ള്യു.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രോജക്ടുകളിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്.

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം എന്ന തോതിൽ യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ടിയിരുന്നതിന് പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ 2018-19ൽ ടെണ്ടർ ചെയ്ത് കരാർ വച്ച ചില പ്രവൃത്തികളിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട്

നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും 2017-18 വർഷത്തെ ഓഡിറ്റിൽ പരാമർശിച്ചിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നിട്ടുണ്ട്.

പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏൽപ്പിച്ച് കൊടുക്കുന്നത് പ്രാബല്യ തീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. താഴെ പറയുന്ന എല്ലാ പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചതും കരാർ വച്ചതും ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണ് ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ചെലവ് വന്ന താഴെ പറയുന്ന പ്രവൃത്തികൾക്ക് അധികച്ചെലവുണ്ടായിട്ടുണ്ട്.

അധികം നൽകിയ നിരക്ക്
ഉദാ. പ്രോജക്ട് നമ്പർ 198/2019

| | |
|---|---|
| അവസാന മൂല്യം | 611350 |
| (-) 10% സി.പി. | 611350 x 100/110 = 555772.73 |
| (-) 10% ഒ.ച്. | 555772 . 73 x 100/110 = 505247.94 |
| (-) 42.16% കോസ്റ്റ് ഇൻഡക്സ് | 505247.94 x 100/142.16 = 355407.95 |
| (+) 37.25 കോസ്റ്റ് ഇൻഡക്സ് | 355407.97 x 137.25% = 487797.41 |
| (+) 10% സി.പി. | 487797.41 x 110% = 536577.15 |
| (+) 10% ഒ.എച്ച്. | 536577 x 110% = 590235 |
| അധികം നൽകിയത് | 611350 – 590235 = 21115 |
| അധികം നൽകിയ നിരക്ക് | 21115 x 100/611350 = 3.45% |

| ക്രമ നം | പ്രവൃത്തി, കരാർ | ആകെ ചെലവ് | ബിൽ നം തീയതി | 3.45% നിരക്കിൽ അധികച്ചെലവ് |
|---|---|---|---|---|
| 1 | 198/19മേലെ കരുണയിൽ റോഡ് ടാറിങ്ങ് AE/KDY/59/17-18/09.02.18. കരാറുകാരൻ-.ശ്രീഎ.കെ.ബാബു | 611350/- | 15/18.05.18 | 21115/- |
| 2 | 202/19ഇടച്ചിറ ഭജന മഠം റോഡ് AE/KDY/66/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ.ബാബു | 198653/- | 17/18.05.18 | 6853/- |
| 3 | 204/19കുട്ടഞ്ചേരി പറമ്പ് റോഡ് AE/KDY/24/17-18/15.12.2017. കരാറുകാരൻ-ശ്രീ.എ.അബ്ദുൾ ജമാൽ | 401054/- | 14/18.05.18 | 13836/- |
| 4 | 223/19സ്റ്റേഡിയം റോഡ് AE/KDY/63/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ.ബാബു | 592145/- | 16/18.05.18 | 20429/- |
| 5 | 203/19 കാരകളി ഇരുപ്പാട്ടിൽ റോഡ് AE/KDY/20/17-18/14.12.17. | 358687/- | 28/29.05.18 | 12374/- |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ-ശ്രീ.വി.പി.ബീരാൻ മൊയ്തീൻ | | | |
| 6 | 219/19ലെവൽ ക്രോസ് വാക്കടവ് റോഡ് AE/KDY/56/17-18/09.02.18. കരാറുകാരൻ-ശ്രീ.മുഹമ്മദ് ഫാസിൽ.എം.എം | 1139178/- | 31/20.08.18 | 39301/- |
| 7 | 235/19 ഒന്നാം പാലം ഇരട്ട സിഗ്നൽ റോഡ് AE/KDY/59/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ.ബാബു | 268228/- | 22/29.05.18<br>4/18.05.18 | 9254/- |
| 8 | 226/19 ഏക്കുതിറ കൾവർട്ട് കോണത്ത് പുഴയോരം റോഡ് ടാറിങ്ങ് AE/KDY/73/17-18/09.02.18. കരാറുകാരൻ-ശ്രീ.ഹസൻ കോയ. പി | 611350/- | 15/18.05.18 | 21115/- |
| 9 | 218/19കടലുണ്ടി ബാങ്ക് റോഡ് മെയിന്റനൻസ് . AE/KDY/55/17-18/09.02.18. കരാറുകാരൻ-.ശ്രീ.മുഹമ്മദ്.ഫാസിൽ.എം.എം | 649810/- | 39/30.11.18 | 22418/- |
| 10 | 199/19 പടിഞ്ഞാറേ വളപ്പിൽ റോഡ് ടാറിങ്ങ് AE/KDY/65/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ.ബാബു | 283167/- | 13/18.05.18 | 9769/- |
| 11 | 234/19 കനം കോളിൽ എട്ടിമംഗലം റോഡ് AE/KDY/67/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ.ബാബു | 162542/- | 12/20.05.18 | 5607/- |
| 12 | 201/19 അയ്യപ്പക്ഷേത്രം പാണ്ടിപ്പാടം റോഡ് AE/KDY/60/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ. ബാബു | 461705/- | 11/18.05.18<br>64/22.03.19 | 15929/- |
| 13 | 200/19 കൊടിവളപ്പ് പറവഞ്ചേരിപ്പാടം റോഡ് AE/KDY/37/17-18/06.01.18. കരാറുകാരൻ-ശ്രീ.രഘു.ഡി | 250000/- | 10/18.05.18 | 8625/- |
| 14 | 213/19 ബി.കെ റോഡ് AE/KDY/73/17-18/13.12.17. കരാറുകാരൻ-ശ്രീ.വി,കെ.അബ്ദുറഹിമാൻ | 414214/- | 15/18.05.18 | 14290/- |
| 15 | 209/19 താഴത്തിയിൽ ഫുഡ്പാത്ത് AE/KDY/11/17-18/09.02.18. കരാറുകാരൻ-ശ്രീ.ഹസൻ കോയ. പി | 580783/- | 24/29.05.18<br>46/20.11.18 | 20037/- |
| 16 | 214/19 മണ്ണൂർ മൃഗാശുപത്രി മെയിന്റനൻസ് AE/KDY/34/17-18/26.12.17 കരാറുകാരൻ-ശ്രീ.ജി.രവീന്ദ്രൻ | 439135/- | 19/18.05.18<br>74/22.03.19 | 15150/- |
| 17 | 207/19 കുമ്മഞ്ചേരിച്ചിറ കീഴിലത്ത് റോഡ് AE/KDY/31/17-18/18.12.17 കരാറുകാരൻ-ശ്രീ.സി.നിസ്സാർ | 299762/- | 27/29.05.18 | 10342/- |
| 18 | 224/19 ഏടക്കുഴിക്കടവ് റോഡ് AE/KDY/64/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ.ബാബു | 249603/- | 86/20.03.19 | 8611/- |

| | | | | |
|---|---|---|---|---|
| 19 | 233/19 പഞ്ചായത്ത് നഴ്സറി മയ്യങ്കണ്ടി റോഡ് AE/KDY/14/17-18/13.12.17. കരാറുകാരൻ-ശ്രീ.വി.കെ അബ്ദുറഹിമാൻ | 398902/- | 79/20.03.19 | 13762/- |
| 20 | 111/19 പട്ടത്താനം കോരങ്ങോട്ട് റോഡ് AE/KDY/61/18-19/27.9.18. കരാറുകാരൻ-ശ്രീ.നിസ്സാർ.സി | 347144/- | 56/27.01.19 | 11976/- |
| 21 | 206/19 ഇടച്ചിറ പുളിക്കൽതറ റോഡ് AE/KDY/49/17-18/17.01.18. കരാറുകാരൻ-ശ്രീ. പി. മുഹമ്മദ് കുട്ടി | 433945/- | 56/20.03.19 | 14971/- |
| 22 | 231/19 കാരകളി കൈനടിപ്പാടം റോഡ് AE/KDY/68/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ.ബാബു | 214192/- | 58/20.03.19 | 7390/- |
| 23 | 211/19 കടലുണ്ടി നാച്ചറൽ വാക്ക് വെ നിർമ്മാണം AE/KDY42/17-18/10.01.18. കരാറുകാരൻശ്രീ.വിശ്വനാഥൻ.ഒ | 398880/- | 102/27.8.18 | 13761/- |
| | ആകെ | | | 336915/- |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(6/18-19)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 336915/- രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

# 1-14-4 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 166 പട്ടിക 3 പ്രകാരം ശുചിത്വ മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് ഇതിനാവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ രൂപീകരിയ്ക്കുന്നുണ്ടെങ്കിലും അവ നടപ്പിലാക്കുന്നില്ല. നവകേരള കർമ്മ പദ്ധതിയുടെ ഭാഗികമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ(പി)11/18/തസ്വഭവ/ 20.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ സ7-1സി പ്രകാരം ഇതിനാവശ്യമായ പദ്ധതികൾ പഞ്ചായത്ത് നടപ്പിലാക്കണം. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ പരിപാലിക്കുന്നതിനും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനായി വർക്കിങ്ങ് ഗ്രൂപ്പ് രണ്ട് പദ്ധതികൾ ക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ

| പ്രൊജക്ടുകൾ | വകയിരുത്തിയ തുക | റിമാർക്ക്സ് |
|---|---|---|
| 239/19 മിനി എം.ആർ.എഫ് സ്ഥാപിക്കൽ | 1105484 | 2016-17ൽ ആരംഭിച്ചിട്ടുള്ള പ്രവർത്തി (239/17, 261/18) നടപ്പിലാക്കുന്നതിന് 24.03.2018 ൽ കരാറുകാരനായ ശ്രീ.റഫീഖ് റഹ്മാന് സ്ഥലം കൈമാറുകയും 31.05.18 ന് പ്രവർത്തി തുടങ്ങുകയും ചെയ്തു .2017-18 ൽ 66826 രൂപ ഈ പദ്ധതിയ്ക്കായി ചെലവഴിച്ചു. കരാർ വച്ച സൈറ്റ് കൈമാറി തുടങ്ങിയ പ്രവർത്തി എങ്ങുമെത്തിയിട്ടില്ല. |
| 237/19അജൈവമാലിന്യം സംസ്കരിയ്ക്കുന്നതിന് ഷെഡ് രൂപീകരണം | 140000 | 2017-18 ൽ ആരംഭിച്ച പ്രവർത്തിയിൽ (253/18) കരാറുകാരനായ ശ്രീ.റഫീഖ് റഹ്മാന് 09.1.2018 ൽ സ്ഥലം കൈമാറിയിട്ടുണ്ടെങ്കിലും പ്രവർത്തി ആരംഭിച്ചിട്ടില്ല. |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/18-19) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14-5 സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

പഞ്ചായത്തിലെ സംയുക്ത പ്രൊജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സംയുക്ത പ്രൊജക്ടുകളുടെ നടത്തിപ്പിനായി ജി.ഒ.(പി)നം.7/2017/ ധനം/23.01.17 ഉത്തരവിലെ നിർദ്ദേശ പ്രകാരം തുടങ്ങിയിട്ടുള്ള STSB അക്കൗണ്ടിൽ 31.03.2019ൽ ബാങ്ക് ബുക്ക് പ്രകാരം 3091069 രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ ഇതിനായുള്ള ലെഡ്ജർ പ്രകാരം നിക്കിയിരിപ്പ് 3117991 . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | നീക്കിയിരിപ്പ് | റിമാർക്ക്സ് |
|---|---|---|
| 320700104 | 112062 | ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും ഇതിനായുള്ള ലെഡ്ജർ പ്രകാരമുള്ള നീക്കിയിരിപ്പും വ്യത്യസ്തമായിരിക്കുന്നത് വിശദീകരിക്കേണ്ടതാണ്. |
| 320700204 | 2377133 | |
| 320700205 | 1105396 | |
| 320700405 | 117400 | |
| ആകെ | 3711991 | |

2. സംയുക്ത പ്രൊജക്ടുകൾക്കായി മുൻ വർഷങ്ങളിൽ ലഭിച്ചിട്ട് ചെലവഴിക്കാതെ 01.04.2018ന് മുൻബാക്കിയായി സൂക്ഷിച്ചിട്ടുള്ള താഴെ പറയുന്ന തുകകൾ എത് പദ്ധതിക്കൾക്കാണ് ലഭിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ല.

| ഹെഡ് ഓഫ് അക്കൗണ്ട് | മുൻബാക്കി |
|---|---|
| 320700104 (ബ്ലോക്ക് വിഹിതം) | 112062 |
| 320700204 (ബ്ലോക്ക് വിഹിതം) | 1300000 |
| 320700205 (ജില്ലാ പഞ്ചായത്ത് വിഹിതം) | 193750 |

3. മേൽ ഉത്തരവിലെ നിർദ്ദേശ പ്രകാരം സാമ്പത്തിക വർഷത്തിൽ സംയുക്ത പ്രൊജക്ടുകൾ ക്കായി ലഭിച്ചിട്ട് വിനിയോഗിക്കാത്ത തുക ഫെബ്രുവരി 28 ന മുമ്പ് ഫണ്ട് നൽകിയ തദ്ദേശസ്ഥാപനത്തിന് തിരിച്ചു നൽകേണ്ടതാണ്. കൂടാതെ മാർച്ച് 31 നിർവ്വഹണ സ്ഥാപനത്തിലെ സെക്രട്ടറി STSB അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക റിക്കൺസിലിയേഷൻ ചെയ്ത് നൽകിയ ചെക്കുകൾ കളക്ടു ചെയ്യുന്നിനുള്ള തുക മാറ്റി വച്ച ശേഷം ചെലവഴിയ്ക്കാത്ത തുക ഗവൺമെന്റിലേയ്ക്ക് അടയ്ക്കേണ്ടതാണ്. ഈ നിബന്ധനകൾ പഞ്ചായത്ത് പാലിയ്ക്കുന്നില്ല.

4. സംയുക്ത പ്രോജക്ടുകൾക്കായി ഫണ്ടു നൽകിയ തദ്ദേശസ്ഥാപനം തൻ വർഷങ്ങളിൽ ചെലവായിക്കാണിച്ചിട്ടുള്ള തുകകൾ ചെലവഴിയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ജി.ഒ.(പി)നം. 119/2015/ധനം/21.03.15 ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

5. ജി.ഒ(പി)11/18/ത.സ്വ.ഭ.വ. 20.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രൊജക്റ്റുകൾക്കായി തുക കൈമാറുന്ന തദ്ദേശസ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കരാറിലേർപ്പെടണ മെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/18-19)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14-6 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജി.ഒ. (പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വെയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി / കരാറുകാരൻ | പിഎസിയുടെ 1% ഫൈൻ തുക |
|---|---|---|---|---|
| 1. | നോക്കട കമ്മഞ്ചേരി റോഡ് 131/19 (ബിൽ 81/18-19 /20.03.19 ,290018/-) കരാർ തുക 300000 | 24.09.18 | AE/KDY/15/18-19 20.10.18 ശ്രീ.മനോജ്.കെ | 3000/- |
| 2 | മണ്ണൂർ ആയുർവ്വേദ ആശുപത്രി മെയിന്റനൻസ് 214/19 (ബിൽ 19/18-19 /18.05.18 , 74/18-19/22.03.19 439135/-) കരാർ തുക 448093 | 29.11.17 | AE/KDY/39/17-18 26.12.17 ശ്രീ.ജി.രവീന്ദ്രൻ | 4480/- |
| 3 | സീക്കോടൈൽ എള്ളു പറമ്പ് റോഡ് 94/19 (ബിൽ 78/18-19 /28.03.19 ,154709/-) കരാർ തുക 189000 | 27.07.18 | AE/KDY/49/18-19 03.09.18 ശ്രീ.വി.കെ അബ്ദുറഹിമാൻ | 1890/- |

| | | | | |
|---|---|---|---|---|
| 4 | ഉദയ അങ്കണവാടി ഫുഡ്പാത്ത് 63/19 (ബിൽ 52/18-19 /18.11.18 ,144164/-) കരാർ തുക 149039 | 27.07.18 | AE/KDY/53/18-19 03.09.18<br>ശ്രീ.അബ്ദുറഹിമാൻ.വി.കെ | 1490/- |
| 5 | കോട്ടക്കണ്ടി ഡ്രൈനേജ് സ്ലാബ് 229/19 (ബിൽ 32/18-19 /23.08.18 ,199034/-) കരാർ തുക 199980 | 29.11.17 | AE/KDY/35/18-19 26.12.17<br>ശ്രീ.മനോജ്.കെ | 1990/- |
| 6 | കടലുണ്ടി നാച്ചറൽ വാക്ക് വേ നിർമ്മാണം 211/19 (ബിൽ 102/18-19 | 29.11.17 | AE/KDY/42/17-18 10.01.18<br>ശ്രീ.വിശ്വനാഥൻ.ഒ | 3996/- |
| 7 | പ്രബോധിനിഅടിവാരം പദ്മരാജ സ്കൂൾ റോഡ് 274/19 (ബിൽ 97/18-19 /22.03.19 ,299997/-) കരാർ തുക 300000 | 27.07.18 | AE/KDY/54/18-19 03.09.18<br>ശ്രീഅബ്ദുറഹിമാൻ.വി.കെ | 3000/- |
| 8 | വട്ടത്താനം ഫുഡ്പാത്ത് 273/19 (ബിൽ 716050140/18-19 /29.11.18 ,161517/-) കരാർ തുക 285030 | 27.07.18 | AE/KDY/47/18-19 18.08.18<br>ശ്രീ.ഹസൻ കോയ.പി | 2850/- |
| 9 | സെന്ട്രൽ മാർക്കറ്റ് കയനിപ്പാടം റോഡ് 103 /19 (ബിൽ 70/18-19 /20.12.18, 228951/-) കരാർ തുക 230000 | 27.07.18 | AE/KDY/36/18-19 18.08.18<br>ശ്രീ.മുഹമ്മദ് കുട്ടി | 2300/- |
| | ആകെ | | | 24996/- |

കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/18-19) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ട 24996 രൂപ കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-14-7 പൊതു മരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി പ്രവൃത്തി

# പൂർത്തീകരിയ്ക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ട് നഷ്ടമാകുന്നു.

പഞ്ചായത്ത് 2017-18 വർഷത്തിൽ നടപ്പിലാക്കാനായി അംഗീകാരം വാങ്ങിയിട്ടുള്ള ചില പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ പ്രവർത്തികൾ പൂർത്തീകരിച്ച് ബിൽ തുക നൽകിയിരുന്നില്ല. ഇതുകാരണം 2017-18 ൽ ഇതിനായി ലഭിച്ച ഫണ്ട് ചെലവഴിയ്ക്കാതെ പാഴായി പോയ അവസ്ഥ ഉണ്ടായി. മാത്രമല്ല 2018-19 ൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് ബിൽ തുക നൽകിയതിനാൽ 2018-19 വർഷത്തിൽ നടപ്പിലാക്കേണ്ടിയിരുന്ന പലപ്രവർത്തികളും നടപ്പാക്കാൻ സാധിച്ചിട്ടില്ല. ആകെ 144 പൊതുമരാമത്ത് പദ്ധതികൾ ഉള്ളതിൽ 48 എണ്ണം സ്പിൽ ഓവർ പ്രവർത്തികളാണ്. ഇതിൽ 8 സ്പിൽ ഓവർ പ്രവർത്തികൾ 2018-19 വർഷത്തിലും പൂർത്തിയാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. സ്പിൽ ഓവർ പ്രവർത്തികൾക്ക് തുക ചെലവഴിക്കപ്പെടാത്തതിനാൽ തുടർ സാമ്പത്തിക വർഷത്തിൽ ഈ പ്രൊജക്ടുകൾക്കായി തുക വകയിരുത്താൻ കഴിയാത്ത അവസ്ഥയിലാണുള്ളത്.

സ്പിൽ ഓവർ പ്രവർത്തികൾക്കായി മുൻ വർഷങ്ങളിൽ ചെലവഴിയ്ക്കാതെ തൻ വർഷത്തെ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ടിയിരുന്ന തുകയിൽ നിന്ന് 1,27,54,811 രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | സ്പിൽ ഓവർ പ്രവർത്തികൾക്ക് ചെലവഴിച്ച തുക |
|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 6571681 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 1664468 |
| വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് | 2356084 |
| വികസന ഫണ്ട് എസ്.സി.പി | 195800 |
| വികസന ഫണ്ട് ജനറൽ | 1966778 |
| ആകെ | 1.27,54,811 |

കൂടാതെ തൻ വർഷത്തിൽ മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കപ്പെടാ ത്തതിനാൽ സർക്കാരിൽ നിന്നും വിവിധ ഫണ്ടിനങ്ങളിൽ ലഭിച്ച നല്ലൊരു ശതമാനം തുക സർക്കാരിലേക്ക് തന്നെ തിരികെ പോയിരിക്കയാണ്. വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് ഇനങ്ങളിലായി സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക മുഴുവൻ ചെലവഴിയ്ക്കാതിരുന്നത് വീഴ്ചയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് | ചെലവ് ശതമാനം | നഷ്ടമായ തുക |
|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 3884072 | 1770468 | 45 | 2113604 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 24189000 | 14866897 | 61 | 9322103 |
| വികസനഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് | 11473709 | 8087229 | 70 | 3386480 |
| വികസന ഫണ്ട് എസ്.സി.പി | 1650000 | 901323 | 54 | 748677 |
| | | | | |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 4884390 | 3482715 | 70 | 1401675 |
| ആകെ | 46081171 | 29108632 | 58 | 16972539 |

46081171 രൂപ വകയിരുത്തിയതിൽ 29108632 രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടിരിക്കുന്നത്. വകയിരുത്തിയ തുക ചെലവഴിക്കപ്പെടാത്തതിനാൽ 16972539 രൂപ മേൽ ഇനങ്ങളിലായി സാമ്പത്തിക വർഷത്തിൽ സർക്കാരിലേക്ക് തിരികെ പോയിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (1/18-19) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14-8 എസ്സ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല.

പ്രൊജക്ട് നം 54 /18-19

അടങ്കൽ തുക - 800000/- രൂപ

ചെലവ് തുക - 530000/- രൂപ

എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്ടിന്റെ ഭാഗമായി പഞ്ചായത്തിൽ 2018-19 ൽ 4 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒരാളൊഴികെ മറ്റ് മൂന്ന് പേരും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ പേരും കൈപറ്റിയ തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | കൈപറ്റിയ തുക |
|---|---|---|
| 1 | സുനിൽ | 175000 |
| 2 | ഷജിന | 150000 |
| 3 | ഷൈനി | 190000 |

നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് നിർമ്മാണം പൂർത്തീകരിക്കാത്തവർക്ക് നോട്ടീസ് നൽകി മേൽ നടപടി സ്വീകരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതാണ്.

## 1-14-9 സ്കോളർഷിപ്പ് തുക മുഴുവൻ ലഭ്യമായില്ല.

കടലുണ്ടി ഗ്രാമപഞ്ചായത്തിൽ 2018-19ൽ ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് പദ്ധതി, 99 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് തയ്യാറാക്കിയത്. ഇതിനായി വകയിരുത്തിയത് 26,00,000/- രൂപയാണ്. ഇതിന്റെ പദ്ധതി വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വകയിരുത്തിയ സ്ഥാപനം | അടങ്കൽ - വകയിരുത്തിയ തുക | ലഭിച്ച വിഹിതം | ചെലവഴിച്ച തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 9,00,000 | 8991,00, | 899100 |
| ബ്ലോക്ക് പഞ്ചായത്ത് | 8,50,000 | 3975,00 | 397500 |
| ജില്ലാ പഞ്ചായത്ത് | 8,50,000 | 209500 | 209500 |
| | | | |

| | | | |
|---|---|---|---|
| ആകെ | 26,00,000 | 1506100 | 1506100 |

ഗ്രാമപഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളായ 99 പേരിൽ 62 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആണ്. ജി ഒ (എം എസ്) നം 80/ 2017. ത സ്വ ഭ വ 3.4.2017പ്രകാരം ഇവർക്ക് വാർഷികമായി 28,500 രൂപ എല്ലാ ബത്തകളും ഉൾപ്പെടെ നൽകാവുന്നതാണ്. (ഇതിൽ ഉല്ലാസയാത്രാ ചെലവുകൾക്ക് നൽകുന്ന 1000 രൂപ ഉൾപ്പെടുന്നു).

എന്നാൽ ഗ്രാമപഞ്ചായത്ത് മേൽ ഗുണഭോക്താക്കൾക്ക് 20000 രൂപ നിരക്കിൽ മാത്രമാണ് സ്കോളർഷിപ്പ് അനുവദിച്ചത്. ജില്ലാ പഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും മുഴുവനും ലഭ്യമല്ലാത്തതിനാലാണ് 28500/- രൂപ നിരക്കിൽ അനുവദിയ്ക്കാൻ കാലതാമസം വന്നത്. ഇതേ ഉത്തരവ് ഖണ്ഡിക 10.4 കുറിപ്പുകളിൽ ഇവർക്ക് സ്കോളർഷിപ്പ് - ബത്ത നല്കുന്നതിന് ആവശ്യമായ തുക വകയിരുത്തിക്കൊണ്ടുള്ള പ്രൊജക്ട് എല്ലാ തദ്ദേശ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സമൂഹത്തിലെ ദുർബലരായിട്ടുള്ള ഇവർക്ക് മുഴുവൻ തുക അനുവദിക്കാത്തത് ശരിയായ നടപടിയല്ല. ഇക്കാര്യം പരാമർശിച്ച് നൽകിയ എൻക്വയറിയ്ക്ക് ഫണ്ടിന്റെ ലഭ്യതയിൽ വന്ന കുറവ് കൊണ്ടും പദ്ധതി രൂപീകരണ സമയത്ത് കൃത്യമായ തുക വകയിരുത്താൻ സാധിക്കാത്തതിനാലുമാണ് മേൽ അപാകതയ്ക്ക് കാരണമായത് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിനനുസരിച്ച് അർഹതപ്പെട്ട തുക നൽകാനായി ആവശ്യമായ ഫണ്ട് വകയിരുത്തേണ്ടതും, ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14-10 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

2018-19 കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ ലൈഫ് പദ്ധതിയുടെ ഭാഗമായി താഴെ പറയും പ്രകാരം ചെലവ് വന്നിട്ടുണ്ട്.

പ്രൊജക്ട് നം - 61/18-19

അടങ്കൽ തുക - 24000000/- രൂപ

ചെലവ് തുക - 19660000/- രൂപ

താഴെ പറയുന്ന ഗുണഭോക്താവ് നിർമ്മാണം പൂർത്തിയാക്കിയില്ല.

| ഗുണഭോക്താക്കൾ | അനുവദിച്ച തുക | കൈപറ്റിയ ഗഡു | അവസാന ഗഡുകൈപറ്റിയ തിയ്യതി |
|---|---|---|---|
| ഹുസൈൻ | 400000 | 300000 | 06.03.2019 |

കൂടാതെ വി.ഇ.ഒ. നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളിൽ 2018-19 സാമ്പത്തികവർഷം നിർമ്മാണം പൂർത്തീകരിക്കാത്തവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊജക്ട് നം -246

അടങ്കൽ തുക -600000/- രൂപ

ചെലവ് തുക- 550000/- രൂപ

നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ.

| ഗുണഭോക്താക്കൾ | അനുവദിച്ച തുക | കൈപറ്റിയ ഗഡു | അവസാന ഗഡുകൈപറ്റിയ തിയ്യതി |
|---|---|---|---|
| ബിച്ചീവി | 200000 | 25000 | 25-3-18 |
| ഹുസൈൻ | 200000 | 25000 | 19-2-18 |

പ്രൊജക്ട് നം -60

അടങ്കൽ തുക – 2000000/- രൂപ

ചെലവ് തുക – 1700000/- രൂപ

| ഗുണഭോക്താക്കൾ | അനുവദിച്ച തുക | കൈപറ്റിയ ഗഡു | അവസാന ഗഡുകൈപറ്റിയ തിയ്യതി |
|---|---|---|---|
| ദേവയാനി | 50000 | 25000 | 11-12-18 |
| പുഷ്പ.കെ | 50000 | 25000 | 11-2-18 |
| ഹുസൈൻകോയ | 50000 | 25000 | 11-12-18 |
| രാധ.കെ | 50000 | 25000 | 11-12-18 |
| ശാരദ.ടി | 50000 | 25000 | 11-12-18 |
| സരോജിനി | 50000 | 25000 | 28-1-19 |
| സൈനബി | 50000 | 25000 | 28-1-19 |
| ഹംസ.സി.പി | 50000 | 25000 | 28-1-19 |

പ്രൊജക്ട്നം 245

അടങ്കൽ തുക - 1580000/- രൂപ

ചെലവ് തുക -1180000/- രൂപ

| ഗുണഭോക്താക്കൾ | അനുവദിച്ച തുക | കൈപറ്റിയ ഗഡു | അവസാന ഗഡുകൈപറ്റിയ തിയ്യതി |
|---|---|---|---|
| ജമീല.പി.വി | 200000 | 180000 | 1-8-19 |
| അനിൽകുമാർ.കെ | 200000 | 160000 | 25-7-18 |
| ഫാത്തിമ.കെ | 200000 | 180000 | 23-3-19 |
| എ.പി.ഹേമലത | 200000 | 20000 | 22-3-19 |
| വിജയകുമാരി.സി | 200000 | 140000 | 25-7-18 |

നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14-11 കമ്പ്യൂട്ടർ - അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ- സർക്കാർ ഉത്തരവ് പാലിച്ചില്ല

കടലുണ്ടി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ നിർവഹണ ഉദ്യോഗസ്ഥർ കമ്പ്യൂട്ടർ, ലാപ്പ് ടോപ്പ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ ടെണ്ടർ നടപടി ക്രമ പ്രകാരം വാങ്ങിയിട്ടുണ്ട്. ബിസയർ പവർ സൊല്യൂഷൻ എന്ന സ്ഥാപനത്തെയാണ് ഇവ വിതരണം ചെയ്യാൻ തെരെഞ്ഞെടുത്തത്. പ്രോജക്ടിന്റെ പേരും വാങ്ങിയ കമ്പ്യൂട്ടർ, ലാപ്പ് ടോപ്പ് എന്നിവയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

1. ഫിഷറീസ് സബ് ഇൻസ്പെക്ടർ വാങ്ങിയ ലാപ്പ്ടോപ്പ്/കമ്പ്യൂട്ടർ എന്നിവയുടെ എണ്ണം

പ്രൊജക്ട് നം. 20 /18-19

അടങ്കൽ തുക - 60000 0 13

ചെലവ് തുക - 389350

ബിൽനം/തുക – 1/18-19/20-3-19/269550

-2/19-19/20-3-19/119800

2.അസി.സെക്രട്ടറി

( 1). പ്രൊജക്ട് നം 251 /18-19

അടങ്കൽ- 287760 3

ചെലവ്തുക- 105670

ബിൽനം -6/18-19/17-9-18/59780

-30/18-19/30-10-18/16000

-15/27-11-18/29890

(2.)പ്രൊജക്ട് നം 47 /18-19

അടങ്കൽ- 850000 19

ചെലവ്തുക- 569050

ബിൽനം -35/18-19/19-3-19/269550

-36/18-19/19-3-19/269550

-39/18-19/26-3-19/29950

3.സെക്രട്ടറി

പ്രൊജക്റ്റ് നം 144 /18-19

അടങ്കൽ- 200000 2

ചെലവ്തുക- 198670

ബിൽതുക -25/31-12-18/198670

സ.ഉ. (എം.എസ്സ്.നം.24/2017/ഐ.ടി.ഡി തിയ്യതി 18-11-17 പ്രകാരം കേരളത്തിലെ സർക്കാർ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേന്ദ്രീകൃതമായി വാങ്ങുന്നതിനുള്ള ഓൺലൈൻ പോർട്ടൽ രൂപീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഇ-ടെണ്ടർ മുഖേനയുള്ള വാങ്ങലിനായി നിരക്കുകൾ രൂപീകരിക്കുന്നതിനും കേന്ദ്രീകൃത വാങ്ങൽ സമ്പ്രദായത്തിനായുള്ള ഏജൻസിയായും കെൽട്രോണിനെ നിയോഗിച്ചിട്ടുണ്ട്. (സ.ഉ.ആർ.ടി.നം 24/2017/ഐ.ടി.ഡി. തിയ്യതി. 1-2-18). കടലുണ്ടി ഗ്രാമപഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥരുടെ ഫയൽ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ ഇത്തരമൊരു നടപടിക്രമം പാലിച്ചിട്ടില്ല എന്നു കാണുന്നു. ബന്ധപ്പെട്ട സ്റ്റാന്റിംങ് കമ്മിറ്റി പ്രസ്തുത വിഷയത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയതായി കാണുന്നില്ല. തുടർ വർഷങ്ങളിൽ മേൽ ഉത്തരവ് പ്രകാരമുള്ള നടപടിക്രമം പാലിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

# 1-14-12 വീട് വാസയോഗ്യമാക്കൽ- നിർമ്മാണം പൂർത്തീകരിച്ചില്ല.

1)പ്രൊജക്റ്റ് നം 56 /18-19

അടങ്കൽ തുക - 400000/- രൂപ

ചെലവ് തുക- 340000/- രൂപ

മേൽ പ്രൊജക്റ്റുപ്രകാരം ഗ്രാമ പഞ്ചായത്തിൽ 4പേർക്ക് വീട് വാസയോഗ്യമാക്കുന്നതിനു വേണ്ടി തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഇവർ ഓഡിറ്റ് പിരീഡ് വരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സിന്ധു | 80000/8-3-19 |
| 2 | മൈഥിലി | 80000 / 13-3-19 |
| 3 | കൃഷ്ണൻ | 80000 /13-3-19 |
| 4 | തങ്ക.ഇ | 100000/2-3-19 |

വീട് നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ രണ്ടുപേർ നിർമ്മാണം പൂർത്തീകരിച്ചതായും ബാക്കിയുള്ള ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്.

നിർമ്മാണം പൂർത്തീകരിക്കുന്നതനുസരിച്ച് പരാമർശം ഒഴിവാക്കുന്നതാണ്.

## 1-14-13 മരുന്നുകൾ ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവേദം)

1)പ്രോജക്ടിന്റെ പേര് : ആയുർവേദ ഡിസ്പൻസറിയിലേക്ക് മരുന്ന വാങ്ങൽ, 28/19

അടങ്കൽ : 10,00,000/- മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ് )

ചെലവ് : 10,00,000/-ബിൽ നം. 3/18-19 തീ. 12.9.2018

4/18-19/18-9-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രോജക്ടിന്റെ പേര് : ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന

വാങ്ങൽ, 35/19,36/19

അടങ്കൽ : 700000/-മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ് )

ചെലവ് : 7,00,000/-ബിൽ നം. 1/18-19 തീ. 4.10.2018

4/18-19/4-10-18

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ആയുർവേദ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഔഷധിയ്ക്ക് 8,00,000/- രൂപയും കേരള ആയുർവ്വേദ കോ.ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 200000/- രൂപയും നൽകിയിട്ടുണ്ട്. ഇതിൽ 21146 രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ മെഡിക്കൽ ഓഫീസർ (ഹോമിയോ) ഹോംകോയിൽ നിന്ന് മരുന്ന് വാങ്ങാനുള്ള പ്രോജക്ടിലും 314535 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ.

മരുന്നുകൾ പൂർണ്ണമായി ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഹോമിയോ മെഡിക്കൽ ഓഫീസർ മരുന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

## 1-14-14 ശമ്പള കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാറിലേക്ക് അടവാക്കിയിട്ടില്ല.

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം കടലുണ്ടി ഗ്രാമ പഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2018-19 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പള കുടിശ്ശിക (3-ആം

ഗഡു) പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും, നാലാം ഗഡു പണംമായി കൈപ്പറ്റുകയും (സ.ഉ. (പി).നം. 146/2018 തിയതി 16/09/2018) ചെയ്തിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| വൗച്ചർനം/തിയ്യതി | തുക |
|---|---|
| 21800168/04-6-18 | 84637 |
| 21800169/04-06-2018 | 148761 |
| 21800569/17-10-2018 | 14230 |
| 21800570/17-10-2018 | 216086 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 (1) പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളകുടിശ്ശിക 3-ാം ഗഡു പ്രോവിഡന്റ് ഫണ്ടിൽ അടവാക്കുകയും, 4-ാം ഗഡു കൈപറ്റുകയും ചെയ്തുവെങ്കിലും, ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാറിലേക്ക് അടവാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്, പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാറിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14-15 ക്ഷേത്രങ്ങളുടെ നവീകരണത്തിനായി പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗം അപാകതകൾ

പട്ടികജാതി വികസന ഓഫീസർ 26.10.2018 ന് പട്ടിക ജാതി വിഭാഗക്കാരുടെ അധീനതയിലുള്ള കാവുകളുടെ സംരക്ഷണത്തിനായി 26.10.2016 ലെ ഡി5-6971/14 നമ്പർ ഉത്തരവ് പ്രകാരം 9,61,817 രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക കാനറാ ബാങ്കിലുള്ള 62696214 നമ്പർ അക്കൗണ്ടിൽ 28.10.2016 ന് ക്രെഡിറ്റ് ആയിട്ടുണ്ട്. ലഭ്യമായ ഫണ്ടിന്റെ വിശദാംശങ്ങൾ.

| ക്ഷേത്രത്തിന്റെ പേര് | തുക |
|---|---|
| പഴഞ്ഞന്നൂർ ക്ഷേത്രം | 203469 |
| കട്ടു കുഴിത്തറ ക്ഷേത്രം | 163348 |
| സൂത്ര കുളങ്ങര ക്ഷേത്രം | 125000 |
| തറയിൽ ചേമ്പ്രകാവ് ക്ഷേത്രം | 470000 |
| ആകെ | 961817 |

961817രൂപയുടെ ഫണ്ട് വിനിയോഗത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സൂത്ര കുളങ്ങര ക്ഷേത്രം പ്രവർത്തി - അഡ്വാൻസ് തുക അഡ്ജസ്റ്റ് ചെയ്യാതെ ഫൈനൽ ബിൽ തുക അനുവദിച്ചു.

സൂത്ര കുളങ്ങര ക്ഷേത്ര പുനരുദ്ധാരണ പ്രവർത്തിയ്ക്ക് അനുവദിച്ച 125000 രൂപയിൽ നിന്ന് 31250 രൂപ മൊബിലൈസേഷൻ അഡ്വാൻസ് ആയി പ്രവർത്തി കൺവീനർ ആയ ശ്രീ. ഉണ്ണികൃഷ്ണന് അനുവദിച്ചിട്ടുണ്ട് (ചെക്ക് നം.414477/22.03.2017, പഞ്ചായത്ത് തീരുമാനം

38/17(1)/22.03.2017,സപ്ലിമെന്ററി അഗ്രിമെന്റ് 11/16-17/20.12.2017). 8/16-17/20.12.2017 പ്രകാരം 26-12-2017 ന് ആരംഭിച്ച പ്രവർത്തി 16.03.2018 ന് പൂർത്തിയാകുകയും (എം. ബുക്ക്-52/17-18) ചെയ്തിട്ടുണ്ട്. ആകെ പ്രവർത്തി മൂല്യം 123880 രൂപയിൽ വാറ്റ്-6194, തൊഴിലാളി ക്ഷേമ നിധി -1239 ആദായ നികുതി - 1239 എന്നിവ കിഴിച്ച് 115208 രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്. (ചെക്ക് നം.414483/13.04.2018). പ്രവർത്തിയ്ക്ക് അഡ്വാൻസ് നൽകിയ 31250 രൂപ കുറവ് വരുത്താതെ മുഴുവൻ തുകയും ഫൈനൽ ബില്ലിനോടൊപ്പം അനുവദിച്ചു. പിന്നീട് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സെക്രട്ടറി 12.06.2018 ന് എ4/4708/18 നമ്പർ കത്ത് പ്രകാരം വിഷയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടു വരികയും എ4/110/2018 നമ്പറിലുള്ള 15.05.2018. 22.05.2018 എന്നീ തിയ്യതികളിൽ ശ്രീ. ഉണ്ണികൃഷ്ണന് അധികം നൽകിയ തുക തിരിച്ചടയ്ക്കുന്നതിന് കത്തെഴുതുകയും ചെയ്തിട്ടുണ്ട്. 11.07.2019 ന് 5914/19 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അധിക തുക നൽകിയതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിയ്ക്കാനും അടിയന്തിരമായി വിശദീകരണം നൽകാനും ആവശ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്ത് ഭരണസമിതി 24.07.2018 ന് 20ാം നമ്പർ തീരുമാന പ്രകാരം തുക 6 ഗഡുക്കളായി തുക തിരിച്ചടയ്ക്കുന്നതിന് കൺവീനർക്ക് അനുവാദം നൽകിയിട്ടുണ്ട്. 01.08.2018. 30.11.2018, 22.07.2019 തിയ്യതികളിൽ തുക അടയ്ക്കുന്നതിന് കൺവീനർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക അടവാക്കിയിട്ടില്ല. മുൻകൂർ നൽകിയ തുക കുറവ് ചെയ്യാതെ ഫൈനൽബിൽ തയ്യാറാക്കി അംഗീകരിച്ച് നൽകിയത് ഗുരുതരമായ വീഴ്ചയാണ്.

2) പഴഞ്ഞന്നൂർ ക്ഷേത്രം - ഫണ്ട് വിനിയോഗത്തിലെ അവ്യക്തത.

പഴഞ്ഞന്നൂർ ക്ഷേത്രം പ്രവർത്തിയ്ക്ക് 203468 രൂപയാണ് ലഭിച്ചിട്ടുള്ളത് .
ഈ പ്രവർത്തി നിർവ്വഹണകമ്മറ്റി കൺവീനർ ശ്രീ. കൃഷ്ണദാസൻ.കെ യ്ക്ക് നൽകിയിട്ടുണ്ട് (കരാർ നമ്പർ 5/17-18/26.09.2017) .28.09.2017 ൽ ആരംഭിച്ച പ്രവർത്തി 26.10.2017 ന് പൂർത്തിയായിട്ടുണ്ട്. ( എം-ബുക്ക് നം. 24/17-18) ആകെ പ്രവർത്തി മൂല്യമായ 202865 രൂപയിൽ നിന്ന് വാറ്റ് 8115, തൊഴിലാളി ക്ഷേമ നിധി-2028. ആദായ നികുതി -2028 എന്നിവ കിഴിച്ച് 188865 രൂപ പ്രവർത്തി കൺവീനർ. കെ.ദാസന് 23.11.2017 ൽ ചെക്ക് നമ്പർ 107265 പ്രകാരം നൽകിയിട്ടുണ്ട്. ഈ പ്രവർത്തിയ്ക്ക് കരാറുകാരന് അഡ്വാൻസ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഫൈനൽ ബിൽ തുക നൽകിയപ്പോൾ അഡ്വാൻസ് തുക ഒന്നും കുറവ് വരുത്തിയിട്ടില്ല. ഈ പ്രവർത്തിയ്ക്ക് അഡ്വാൻസ് നൽകിയിട്ടിണ്ടോ എന്നത് സംമ്പന്ധിച്ചും റിക്കവറി തുകകൾ അടയ്ക്കാത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രവർത്തി ഫയൽ പരിശോധിച്ചതിൽ 26.12.2016 ൽ സെക്രട്ടറി പട്ടിക ജാതി വികസന ഓഫീസർക്ക് അയച്ച എ4/843/16 നമ്പർ കത്തിൽ കടലുണ്ടി ഗ്രാമ പഞ്ചായത്തിൽ എസ്.സി അധീനതയിൽ പഴഞ്ഞന്നൂർ ക്ഷേത്രം എന്ന പേരിൽ ഒരു ക്ഷേത്രം ഇല്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അറിയിച്ചിട്ടുണ്ട്. എക്സിറ്റ് മീറ്റിങ്ങിൽ വച്ചും ഇങ്ങനെ ഒരു ക്ഷേത്രം ഇല്ല എന്ന രീതിയിൽ ചില അംഗങ്ങൾ സംസാരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. പട്ടികജാതി വികസന ഓഫീസർ 26.10.2016 ലെ ഡി5-6971/14 നംമ്പർ ഉത്തരവ് പ്രകാരം പഴഞ്ഞന്നൂർ ക്ഷേത്രം പ്രവർത്തിയ്ക്ക് അനുവദിച്ച തുക ഏത് ക്ഷേത്രത്തിന്റെ പ്രവർത്തിയ്ക്കാണ് വിനിയോഗിച്ചത് എന്ന് വ്യക്തമാക്കേണ്ടതാണ്.

3) കുടുകുഴിത്തറ ക്ഷേത്രം - ഫണ്ട് വിനിയോഗിച്ചില്ല

കുടുകുഴിത്തറ ക്ഷേത്രം നവീകരണത്തിനായി 163348 രൂപ ലഭിച്ചിട്ടുണ്ട്. ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പ്രവർത്തി ആരംഭിച്ചിട്ടില്ല. 16.03.2017 ന് പ്രവർത്തി

കൺവീനർ അഡ്വാൻസ് തുക ലഭിയ്ക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. ലഭിച്ച ഫണ്ട് വിനിയോഗിച്ച് പ്രവർത്തി നടത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

16.09.2017 ൽ ഡി5/6971/14 നമ്പർ കത്ത് പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസർ ക്ഷേത്ര പുനരുദ്ധാരണപ്രവർത്തിയുടെ വിനിയോഗ സർട്ടിഫിക്കറ്റും പ്രവർത്തി പുരോഗതി റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ലെന്നും ആയത് 19.09.2017 ന് മുമ്പ് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് കത്തെഴുതിയിട്ടുണ്ട്. ഇതിൻ മേൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (28/18-19/05.09.2019) ലഭ്യമാക്കി 409/19 നമ്പർ കത്ത് പ്രകാര മുള്ള മറുപടിയിൽ അപാകതകളെല്ലാം പരിഹരിയ്ക്കാൻ നടപടികൾ ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. സൂത്ര കുളങ്ങര റോഡിന് വേണ്ടി അധികം ചെലവഴിച്ച 31250 രൂപ കൺവീനർ മരണപ്പെട്ടിട്ടുള്ളതിനാൽ മറ്റു കൺവീനർമാരിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. പട്ടിക ജാതി വിഭാഗക്കാരുടെ അധീനതയിലുള്ള കാവുകളുടെ സംരക്ഷണത്തിനായി ലഭിച്ച തുകയുടെ കൃത്യമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-14-16 പാലിയേറ്റീവ് കെയർ പദ്ധതി ഹോം കെയർ ടീമിന് അധിക ഭക്ഷണചെലവ് അനുവദിച്ചു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പാക്കിയിട്ടുള്ള പാലിയേറ്റീവ് കെയർ പദ്ധതിയിൽ (എസ്.ഒ 29/19) 2018 നവംബർ - ഡിസംബർ മാസങ്ങളിലെ ഹോം സോയർ ടീമിന് ഭക്ഷണ ചെലവ് ഇനത്തിൽ 11000 രൂപ അനുവദിച്ചിട്ടുണ്ട്. (ബിൽ നമ്പർ 5/18-19/23.03.2019) .29.10.2015 ലെ സ.ഉ(സാധാ)/3217/2015 നമ്പർ ഉത്തരവ് പ്രകാരമുള്ള പാലീയേറ്റീവ് സാന്ത്വന ഗൃഹ പരിചരണ പദ്ധതിയിൽ ഹോംകെയറിന് പോകുന്ന ഒരു ടീമിന്റെ ഭക്ഷണ ചെലവ് 250 രൂപ വരെ യാകാവുന്നതാണ്. ഇവിടെ നവംബർ ഡിസംബർ മാസങ്ങളിൽ 32 ടീമുകളാണ് ഗൃഹ സന്ദർശനം നടത്തിയിട്ടുള്ളത് . ഇവിടെ 8000രൂപയാണ് പരമാവധി അനുവദിയ്ക്കാവുന്ന തുക (250 x 32 = 8000) 3000 രൂപ അധികം അനുവദിച്ചു.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/18-19 (3)) മറുപടി ലഭ്യമാക്കിയിട്ടില്ല. 3000 രൂപയുടെ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല.

# 1-14-17 പാലിയേറ്റീവ് കെയർ പദ്ധതി ചെലവ് രേഖകൾ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പാക്കിയിട്ടുള്ള പാലിയേറ്റീവ് കെയർ പദ്ധതിയിൽ (എസ്.ഒ 29/19) 700976 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നമ്പർ 1/18-19/19.07.2018) പ്രകാരമുള്ള 105000 രൂപ ചെലവഴിച്ച തിന്റെ വൗച്ചറുകളും മറ്റു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/18-19 (1)) ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. 105000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## <u>ഭാഗം -2</u>

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 മാസ്റ്റേഴ്സ് സർവ്വീസ് സ്റ്റേഷൻ-ചീഫ് ടൗൺ പ്ലാനറുടെ നിർദ്ദേശം പാലിക്കാതെ പെർമിറ്റ് നൽകി, വസ്തു നികുതി കണക്കാക്കിയതിൽ കുറവും

1) മാസ്റ്റേഴ്സ് സർവ്വീസ് സ്റ്റേഷൻ ശ്രീ.ബാബു.കെ. യുടെ ഉടമസ്ഥതതയിലുള്ള എച്ച്.പി.സി.എൽ ഡീലറായ ഒരു പെട്രോൾ പമ്പാണ്. ഇതിന് നിർമ്മാണത്തിന് ബി.എൽ. 168/16-17 നമ്പറിൽ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. (ഫയൽ നമ്പർ എ2.7907/16). എന്നാൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ഫയൽ സമർപ്പിച്ചതിൽ ചീഫ് ടൗൺ പ്ലാനറുടെ 08.08.2017ലെ ഡി.4034/2017/ഡി.സിസ് നടപടിക്രമത്തിൽ ഖര-ദ്രവ മാലിന്യസംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണമെന്നും, കട്ടിംഗ് / ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. വാങ്ങിയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾക്ക് സെക്രട്ടറി വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടതല്ലാതെ മാലിന്യ സംസ്കരണത്തിന്റെ സംവിധാനമോ, മണ്ണ് കട്ടിംഗ് ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി യോ ഫയലിലില്ല. ഇത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

തുടർന്ന് കെട്ടിട പണി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഈടാക്കിയതിൽ പെട്രോൾ പമ്പിന്റെ ഓഫീസിന്റെ വിസ്തീർണ്ണമായ 33.53 ച.മീറ്ററിന്, ഒരു ച.മീറ്ററിന് 50 രൂപ നിരക്കിൽ 33.53 ച.മീറ്ററിന് 1676.5 രൂപയിൽ 10% മേഖല ഇളവും 20% വഴി സൗകര്യ വർദ്ധനവും കണക്കാക്കി ആകെ 1845 രൂപ വസ്തു നികുതി ഈടാക്കുകയായിരുന്നു.എന്നാൽ ഒരു പെട്രോൾ പമ്പിന്റെ ഭാഗം തന്നെയാണ് കനോപ്പി ഏരിയ.(കേരള പഞ്ചായത്ത് നിർമ്മാണ ചട്ടം 2 എം കാണുക). മേൽ പമ്പിന്റെ കനോപ്പി ഏരിയ എന്നത് 176 ച.മീറ്ററാണ്. ഇത് കൂടി കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ 209.53 ച.മീറ്ററായിരിക്കും.ആയതിന് 50 രൂപ ഒരു ച.മീറ്ററിന് എന്ന നിരക്കിൽ 10% മേഖല ഇളവും 20% വഴി സൗകര്യ വർദ്ധനവും കണക്കാക്കുമ്പോൾ വസ്തു നികുതി 11524 രൂപയായിരിക്കും.

കുറവു വന്ന തുക 11524 – 1845 = 9679 രൂപ

2) കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള കടലുണ്ടി വില്ലേജിൽ റീ.സർവേ നമ്പർ 7/1 ൽ പ്പെട്ട 12.74 സെന്റ് സ്ഥലത്ത് ശ്രീ. അജ്മൽ. കെ.വി. യുടെ ഉടമസ്ഥതതയിലുള്ള പെട്രോൾ പമ്പിന് ബി.എൽ 176/17-18 നമ്പറിൽ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.(ഫയൽ നമ്പർ എ2-9872/18).

കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഈടാക്കിയതിൽ പെട്രോൾ പമ്പിന്റെ ഓഫീസിന്റെ വിസ്തീർണ്ണമായ 33.53 ച.മീറ്ററിന്, ഒരു ച.മീറ്ററിന് 50 രൂപ നിരക്കിൽ 23.63 ച.മീറ്ററിന് 1181.5 രൂപയിൽ 10% മേഖല ഇളവും 20% വഴി സൗകര്യ വർദ്ധനവും കണക്കാക്കി ആകെ 1300 രൂപ വസ്തു നികുതി ഈടാക്കുകയായിരുന്നു.എന്നാൽ ഒരു പെട്രോൾ പമ്പിന്റെ ഭാഗം തന്നെയാണ് കനോപ്പി ഏരിയ. (കേരള പഞ്ചായത്ത് നിർമ്മാണ ചട്ടം 2 എം കാണുക).മേൽ പമ്പിന്റെ കനോപ്പി ഏരിയ എന്നത് 110.65 ച.മീറ്ററാണ്. ഇത് കൂടി കണക്കാക്കുമ്പോൾ കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ 134.28 ച.മീറ്ററായിരിക്കും.ആയതിന് 50 രൂപ ഒരു ച.മീറ്ററിന് എന്ന

നിരക്കിൽ 10% മേഖല ഇളവും 20% വഴി സൗകര്യ വർദ്ധനവും കണക്കാക്കുമ്പോൾ വസ്തു നികുതി 7386 രൂപയായിരിക്കും.

കുറവു വന്ന തുക 7386 – 1300 = 6086 രൂപ

ആകെ കുറവു വന്ന തുക – 9679+6086 = 10979 രൂപ

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

ജി.ഒ.(പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി. കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി / കരാറുകാരൻ | പിഎസിയുടെ 1% ഫൈൻ തുക |
|---|---|---|---|---|
| 1. | നോക്കട കമ്മഞ്ചേരി റോഡ് 131/19 (ബിൽ 81/18-19 /20.03.19 ,290018/-) കരാർ തുക 300000 | 24.09.18 | AE/KDY/15/18-19 20.10.18<br>ശ്രീ.മനോജ്.കെ | 3000/- |
| 2 | മണ്ണൂർ ആയുർവ്വേദ ആശുപത്രി മെയിന്റനൻസ് 214/19 (ബിൽ 19/18-19 /18.05.18 ,<br>74/18-19/22.03.19 | 29.11.17 | AE/KDY/39/17-18 26.12.17<br>ശ്രീ.ജി.രവീന്ദ്രൻ | 4480/- |

| | | | | |
|---|---|---|---|---|
| | 439135/-) കരാർ തുക 448093 | | | |
| 3 | സീക്കോടൈൽ എള്ളു പറമ്പ് റോഡ് 94/19 (ബിൽ 78/18-19 /28.03.19 ,154709/-) കരാർ തുക 1890000 | 27.07.18 | AE/KDY/49/18-19 03.09.18<br>ശ്രീ.വി.കെ അബ്ദുറഹിമാൻ | 1890/- |
| 4 | ഉദയ അങ്കണവാടി ഫുഡ്പാത്ത് 63/19 (ബിൽ 52/18-19 /18.11.18 ,144164/-) കരാർ തുക 149039 | 27.07.18 | AE/KDY/53/18-19 03.09.18<br>ശ്രീ.അബ്ദുറഹിമാൻ.വി.കെ | 1490/- |
| 5 | കോട്ടക്കണ്ടി ഡ്രൈനേജ് സ്ലാബ് 229/19 (ബിൽ 32/18-19 /23.08.18 , 199034/-) കരാർ തുക 199980 | 29.11.17 | AE/KDY/35/18-19 26.12.17<br>ശ്രീ.മനോജ്.കെ | 1990/- |
| 6 | കടലുണ്ടി നാച്ചറൽ വാക്ക് വേ നിർമ്മാണം 211/19 (ബിൽ 102/18-19 /27.08.19 , 398880/-) കരാർ തുക 399600 | 29.11.17 | AE/KDY/42/17-18 10.01.18<br>ശ്രീ.വിശ്വനാഥൻ.ഒ | 3996/- |
| 7 | പ്രബോധിനിഅടിവാരം പദ്മരാജ സ്കൂൾ റോഡ് 274/19 (ബിൽ 97/18-19 /22.03.19 , 299997/-) കരാർ തുക 300000 | 27.07.18 | AE/KDY/54/18-19 03.09.18<br>ശ്രീഅബ്ദുറഹിമാൻ.വി.കെ | 3000/- |
| 8 | വട്ടത്താനം ഫുഡ്പാത്ത് 273/19 (ബിൽ 716050140/18-19 /29.11.18 ,161517/-) കരാർ തുക 285030 | 27.07.18 | AE/KDY/47/18-19 18.08.18<br>ശ്രീ.ഹസൻ കോയ.പി | 2850/- |
| 9 | സെന്ട്രൽ മാർക്കറ്റ് കയനിപ്പാടം റോഡ് 103 /19 (ബിൽ 70/18-19 /20.12.18 , | 27.07.18 | AE/KDY/36/18-19 18.08.18<br>ശ്രീ.മുഹമ്മദ് കുട്ടി | 2300/- |

| | | | | |
|---|---|---|---|---|
| | 228951/-) കരാർ തുക 230000 | | | |
| | ആകെ | | | 24996/- |

കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (5/18-19) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ട 22996 രൂപ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 3-2 തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തെ പ്രൊജക്ടുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തികൾ നിർവ്വഹണം നടത്തിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ നിർണയിക്കുന്നത്. പി.ഡബ്ള്യു.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രോജക്ടുകളിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്.

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം എന്ന തോതിൽ യഥാർത്ഥത്തിൽ നിർണയി ക്കേണ്ടിയിരുന്നതിന് പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ 2018-19ൽ ടെണ്ടർ ചെയ്ത് കരാർ വച്ച ചില പ്രവൃത്തികളിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും 2017-18 വർഷത്തെ ഓഡിറ്റിൽ പരാമർശിച്ചിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നിട്ടുണ്ട്.

പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏൽപ്പിച്ച് കൊടുക്കുന്നത് പ്രാബല്യ തീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. താഴെ പറയുന്ന എല്ലാ പ്രവൃത്തികൾക്കും ടെണ്ടർ ക്ഷണിച്ചതും കരാർ വച്ചതും ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണ് ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ ചെലവ് വന്ന താഴെ പറയുന്ന പ്രവൃത്തികൾക്ക് അധികച്ചെലവുണ്ടായിട്ടുണ്ട്.

അധികം നൽകിയ നിരക്ക്
ഉദാ. പ്രോജക്ട് നമ്പർ 198/2019

| | |
|---|---|
| അവസാന മൂല്യം | 611350 |
| (-) 10% സി.പി. | 611350 x 100/110 = 555772.73 |
| (-) 10% ഒ.ച്ച്. | 555772 – 73 x 100/110 = 505247.94 |
| | |

| | |
|---|---|
| (-) 42.16% കോസ്റ്റ് ഇൻഡക്സ് | 505247.94 x 100/142.16 = 355407.95 |
| (+) 37.25 കോസ്റ്റ് ഇൻഡക്സ് | 355407.97 x 137.25% = 48779741 |
| (+) 10% സി.പി. | 487797.41 x 110% = 536577.15 |
| (+) 10% ഒ.എച്ച്. | 536577 x 110% = 590235 |
| അധികം നൽകിയത് | 611350 – 590235 = 21115 |
| അധികം നൽകിയ നിരക്ക് | 21115 x 100/611350 = 3.45% |

| ക്രമ നം | പ്രവൃത്തി, കരാർ | ആകെ ചെലവ് | ബിൽ നം തീയതി | 3.45% നിരക്കിൽ അധികച്ചെലവ് |
|---|---|---|---|---|
| 1 | 198/19മേലെ കരുണയിൽ റോഡ് ടാറിങ്ങ് AE/KDY/59/17-18/09.02.18. കരാറുകാരൻ-.ശ്രീഎ.കെ.ബാബു | 611350/- | 15/18.05.18 | 21115/- |
| 2 | 202/19ഇടച്ചിറ ഭജന മഠം റോഡ് AE/KDY/66/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ.ബാബു | 198653/- | 17/18.05.18 | 6853/- |
| 3 | 204/19കുട്ടഞ്ചേരി പറമ്പ് റോഡ് AE/KDY/24/17-18/15.12.2017. കരാറുകാരൻ-ശ്രീ.എ.അബ്ദുൾ ജമാൽ | 401054/- | 14/18.05.18 | 13836/- |
| 4 | 223/19സ്റ്റേഡിയം റോഡ് AE/KDY/63/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ.ബാബു | 592145/- | 16/18.05.18 | 20429/- |
| 5 | 203/19 കാരകളി ഇരുപ്പാട്ടിൽ റോഡ് AE/KDY/20/17-18/14.12.17. കരാറുകാരൻ-ശ്രീ.വി.പി.ബീരാൻ മൊയ്തീൻ | 358687/- | 28/29.05.18 | 12374/- |
| 6 | 219/19ലെവൽ ക്രോസ് വാക്കടവ് റോഡ് AE/KDY/56/17-18/09.02.18. കരാറുകാരൻ-ശ്രീ.മുഹമ്മദ് ഫാസിൽ.എം.എം | 1139178/- | 31/20.08.18 | 39301/- |
| 7 | 235/19 ഒന്നാം പാലം ഇരട്ട സിഗ്നൽ റോഡ് AE/KDY/59/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ.ബാബു | 268228/- | 22/29.05.18<br>4/18.05.18 | 9254/- |
| 8 | 226/19 ഏക്കുതിറ കൾവർട്ട് കോണത്ത് പുഴയോരം റോഡ് ടാറിങ്ങ് AE/KDY/73/17-18/09.02.18. കരാറുകാരൻ-ശ്രീ.ഹസൻ കോയ. പി | 611350/- | 15/18.05.18 | 21115/- |
| 9 | 218/19കടലുണ്ടി ബാങ്ക് റോഡ് മെയിന്റനൻസ് . AE/KDY/55/17-18/09.02.18. കരാറുകാരൻ-.ശ്രീ.മുഹമ്മദ്.ഫാസിൽ.എം.എം | 649810/- | 39/30.11.18 | 22418/- |
| 10 | 199/19 പടിഞ്ഞാറേ വളപ്പിൽ റോഡ് ടാറിങ്ങ് AE/KDY/65/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ.ബാബു | 283167/- | 13/18.05.18 | 9769/- |
| 11 | 234/19 കനം കോളിൽ എട്ടിമംഗലം റോഡ് | 162542/- | 12/20.05.18 | 5607/- |

| | | | | |
|---|---|---|---|---|
| | AE/KDY/67/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ.ബാബു | | | |
| 12 | 201/19 അയ്യപ്പക്ഷേത്രം പാണ്ടിപ്പാടം റോഡ് AE/KDY/60/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ. ബാബു | 461705/- | 11/18.05.18<br>64/22.03.19 | 15929/- |
| 13 | 200/19 കൊടിവളപ്പ് പറവഞ്ചേരിപ്പാടം റോഡ് AE/KDY/37/17-18/06.01.18. കരാറുകാരൻ-ശ്രീ.രഘു.ഡി | 250000/- | 10/18.05.18 | 8625/- |
| 14 | 213/19 ബി.കെ റോഡ് AE/KDY/73/17-18/13.12.17. കരാറുകാരൻ-ശ്രീ.വി,കെ.അബ്ദുറഹിമാൻ | 414214/- | 15/18.05.18 | 14290/- |
| 15 | 209/19 താഴത്തിയിൽ ഫുഡ്പാത്ത് AE/KDY/11/17-18/09.02.18. കരാറുകാരൻ-ശ്രീ.ഹസൻ കോയ. പി | 580783/- | 24/29.05.18<br>46/20.11.18 | 20037/- |
| 16 | 214/19 മണ്ണൂർ മൃഗാശുപത്രി മെയിന്റനൻസ് AE/KDY/34/17-18/26.12.17 കരാറുകാരൻ-ശ്രീ.ജി.രവീന്ദ്രൻ | 439135/- | 19/18.05.18<br>74/22.03.19 | 15150/- |
| 17 | 207/19 കുമ്മഞ്ചേരിച്ചിറ കീഴിലത്ത് റോഡ് AE/KDY/31/17-18/18.12.17 കരാറുകാരൻ-ശ്രീ.സി.നിസ്സാർ | 299762/- | 27/29.05.18 | 10342/- |
| 18 | 224/19 ഏടക്കുഴിക്കടവ് റോഡ് AE/KDY/64/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ.ബാബു | 249603/- | 86/20.03.19 | 8611/- |
| 19 | 233/19 പഞ്ചായത്ത് നഴ്സറി മയ്യങ്കണ്ടി റോഡ് AE/KDY/14/17-18/13.12.17. കരാറുകാരൻ-ശ്രീ.വി.കെ അബ്ദുറഹിമാൻ | 398902/- | 79/20.03.19 | 13762/- |
| 20 | 111/19 പട്ടത്താനം കോരങ്ങോട്ട് റോഡ് AE/KDY/61/18-19/27.9.18. കരാറുകാരൻ-ശ്രീ.നിസ്സാർ.സി | 347144/- | 56/27.01.19 | 11976/- |
| 21 | 206/19 ഇടച്ചിറ പുളിക്കൽതറ റോഡ് AE/KDY/49/17-18/17.01.18. കരാറുകാരൻ-ശ്രീ. പി. മുഹമ്മദ് കുട്ടി | 433945/- | 56/20.03.19 | 14971/- |
| 22 | 231/19 കാരകളി കൈനടിപ്പാടം റോഡ് AE/KDY/68/17-18/09.02.18. കരാറുകാരൻ-ശ്രീ.എ.കെ.ബാബു | 214192/- | 58/20.03.19 | 7390/- |
| 23 | 211/19 കടലുണ്ടി നാച്ചറൽ വാക്ക് വെ നിർമ്മാണം AE/KDY42/17-18/10.01.18. കരാറുകാരൻശ്രീ.വിശ്വനാഥൻ.ഒ | 398880/- | 102/27.8.18 | 13761/- |
| | ആകെ | | | 336915/- |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(6/18-19)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 336915/- രൂപ ഉത്തരവാദിയായവരിൽ നിന്ന്

ഈടാക്കേണ്ടതാണ്.

## 3-3 ക്ഷേത്രങ്ങളുടെ നവീകരണത്തിനായി പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗം അപാകതകൾ

പട്ടികജാതി വികസന ഓഫീസർ 26.10.2018 ന് പട്ടിക ജാതി വിഭാഗക്കാരുടെ അധീനതയിലുള്ള കാവുകളുടെ സംരക്ഷണത്തിനായി 26.10.2016 ലെ ഡി5-6971/14 നമ്പർ ഉത്തരവ് പ്രകാരം 9,61,817 രൂപ അനുവദിച്ചിട്ടുണ്ട്. ഈതുക കാനറാബാങ്കിലുള്ള 62696214 നമ്പർ അക്കൗണ്ടിൽ 28.10.2016 ന് ക്രെഡിറ്റ് ആയിട്ടുണ്ട്. ലഭ്യമായ ഫണ്ടിന്റെ വിശദാംശങ്ങൾ.

| ക്ഷേത്രത്തിന്റെ പേര് | തുക |
|---|---|
| പഴഞ്ഞന്നൂർ ക്ഷേത്രം | 203469 |
| കട്ട കുഴിത്തറ ക്ഷേത്രം | 163348 |
| സൂത്ര കുളങ്ങര ക്ഷേത്രം | 125000 |
| തറയിൽ ചേമ്പ്രകാവ് ക്ഷേത്രം | 470000 |
| ആകെ | 961817 |

961817രൂപയുടെ ഫണ്ട് വിനിയോഗത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സൂത്ര കുളങ്ങര ക്ഷേത്രം പ്രവൃത്തി - അഡ്വാൻസ് തുക അഡ്ജസ്റ്റ് ചെയ്യാതെ ഫൈനൽ ബിൽ തുക അനുവദിച്ചു.

സൂത്ര കുളങ്ങര ക്ഷേത്ര പുനരുദ്ധാരണ പ്രവർത്തിയ്ക്ക് അനുവദിച്ച 125000 രൂപയിൽ നിന്ന് 31250 രൂപ മൊബിലൈസേഷൻ അഡ്വാൻസ് ആയി പ്രവർത്തി കൺവീനർ ആയ ശ്രീ. ഉണ്ണികൃഷ്ണന് അനുവദിച്ചിട്ടുണ്ട് (ചെക്ക് നം.414477/22.03.2017, പഞ്ചായത്ത് തീരുമാനം 38/17(1)/22.03.2017,സപ്ലിമെന്ററി അഗ്രിമെന്റ് 11/16-17/20.12.2017) 8/16-17/20.12.2017 പ്രകാരം 26-12-2017 ന് ആരംഭിച്ച പ്രവർത്തി 16.03.2018 ന് പൂർത്തിയാകുകയും (എം. ബുക്ക്-52/17-18) ചെയ്തിട്ടുണ്ട് . ആകെ പ്രവർത്തി മൂല്യം 123880 രൂപയിൽ വാറ്റ്-6194, തൊഴിലാളി ക്ഷേമ നിധി -1239 ആദായ നികുതി - 1239 എന്നിവ കിഴിച്ച് 115208 രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്. (ചെക്ക് നം.414483/13.04.2018). പ്രവർത്തിയ്ക്ക് അഡ്വാൻസ് നൽകിയ 31250 രൂപ കുറവ് വരുത്താതെ മുഴുവൻ തുകയും ഫൈനൽ ബില്ലിനോടൊപ്പം അനുവദിച്ചു. പിന്നീട് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സെക്രട്ടറി 12.06.2018 ന് എ4/4708/18 നമ്പർ കത്ത് പ്രകാരം വിഷയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടു വരികയും എ4/110/2018 നമ്പറിലുള്ള 15.05.2018. 22.05.2018 എന്നീ തിയ്യതികളിൽ ശ്രീ. ഉണ്ണികൃഷ്ണന് അധികം നൽകിയ തുക തിരിച്ചടയ്ക്കുന്നതിന് കത്തെഴുതുകയും ചെയ്തിട്ടുണ്ട്. 11.07.2019 ന് 5914/19 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അധിക തുക നൽകിയതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിയ്ക്കാനും അടിയന്തിരമായി വിശദീകരണം നൽകാനും ആവശ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്ത് ഭരണസമിതി 24.07.2018 ന് 20ാം നമ്പർ തീരുമാന പ്രകാരം തുക 6 ഗഡുക്കളായി തുക തിരിച്ചടയ്ക്കുന്നതിന് കൺവീനർക്ക് ആനുവാദം നൽകിയിട്ടുണ്ട്, 01.08.2018, 30.11.2018, 22.07.2019 തിയ്യതികളിൽ തുക അടയ്ക്കുന്നതിന് കൺവീനർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക

അടവാക്കിയിട്ടില്ല. മുൻകൂർ നൽകിയ തുക കുറവ് ചെയ്യാതെ ഫൈനൽബിൽ തയ്യാറാക്കി അംഗീകരിച്ച് നൽകിയത് ഗുരുതരമായ വീഴ്ചയാണ്.

2) പഴഞ്ഞന്നൂർ ക്ഷേത്രം - ഫണ്ട് വിനിയോഗത്തിലെ അവ്യക്തത.

പഴഞ്ഞന്നൂർ ക്ഷേത്രം പ്രവർത്തിയ്ക്ക് 203468 രൂപയാണ് ലഭിച്ചിട്ടുള്ളത് .

ഈ പ്രവർത്തി നിർവ്വഹണകമ്മറ്റി കൺവീനർ ശ്രീ. കൃഷ്ണ ദാസൻ.കെ യ്ക്ക് നൽകിയിട്ടുണ്ട് (കരാർ നമ്പർ 5/17-18/26.09.2017) .28.09.2017 ൽ ആരംഭിച്ച പ്രവർത്തി 26.10.2017 ന് പൂർത്തിയായിട്ടുണ്ട്. ( എം-ബുക്ക് നം. 24/17-18) ആകെ പ്രവർത്തി മൂല്യമായ 202865 രൂപയിൽ നിന്ന് വാറ്റ് - 8115, തൊഴിലാളി ക്ഷേമ നിധി-2028. ആദായ നികുതി -2028 എന്നിവ കിഴിച്ച് 188865 രൂപ പ്രവർത്തി കൺവീനർ. കെ.ദാസന് 23.11.2017 ൽ ചെക്ക് നമ്പർ 107265 പ്രകാരം നൽകിയിട്ടുണ്ട്. ഈ പ്രവർത്തിയ്ക്ക് കരാറുകാരന് അഡ്വാൻസ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഫൈനൽ ബിൽ തുക നൽകിയപ്പോൾ അഡ്വാൻസ് തുക ഒന്നും കുറവ് വരുത്തിയിട്ടില്ല. ഈ പ്രവർത്തിയ്ക്ക് അഡ്വാൻസ് നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും റിക്കവറി തുകകൾ അടയ്ക്കാത്തത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രവർത്തി ഫയൽ പരിശോധിച്ചതിൽ 26.12.2016 ൽ സെക്രട്ടറി പട്ടിക ജാതി വികസന ഓഫീസർക്ക് അയച്ച എ4/843/16 നമ്പർ കത്തിൽ കടലുണ്ടി ഗ്രാമ പഞ്ചായത്തിൽ എസ്.സി അധീനതയിൽ പഴഞ്ഞന്നൂർ ക്ഷേത്രം എന്ന പേരിൽ ഒരു ക്ഷേത്രം ഇല്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അറിയിച്ചിട്ടുണ്ട്. എക്സിറ്റ് മീറ്റീങ്ങിൽ വച്ചും ഇങ്ങനെ ഒരു ക്ഷേത്രം ഇല്ല എന്ന രീതിയിൽ ചില അംഗങ്ങൾ സംസാരിക്കുകയുണ്ടായി. ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. പട്ടികജാതി വികസന ഓഫീസർ 26.10.2016 ലെ ഡി5-6971/14 നംമ്പർ ഉത്തരവ് പ്രകാരം പഴഞ്ഞന്നൂർ ക്ഷേത്രം പ്രവർത്തിയ്ക്ക് അനുവദിച്ച തുക ഏത് ക്ഷേത്രത്തിന്റെ പ്രവർത്തിയ്ക്കാണ് വിനിയോഗിച്ചത് എന്ന് വ്യക്തമാക്കേണ്ടതാണ്.

3) കുടുകുഴിത്തറ ക്ഷേത്രം - ഫണ്ട് വിനിയോഗിച്ചില്ല

കുടുകുഴിത്തറ ക്ഷേത്രം നവീകരണത്തിനായി 163348 രൂപ ലഭിച്ചിട്ടുണ്ട്. ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പ്രവർത്തി ആരംഭിച്ചിട്ടില്ല.16.03.2017 ന് പ്രവർത്തി കൺവീനർ അഡ്വാൻസ് തുക ലഭിയ്ക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. ലഭിച്ച ഫണ്ട് വിനിയോഗിച്ച് പ്രവർത്തി നടത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

16.09.2017 ൽ ഡി5/6971/14 നമ്പർ കത്ത് പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസർ ക്ഷേത്ര പുനരുദ്ധാരണപ്രവർത്തിയുടെ വിനിയോഗ സർട്ടിഫിക്കറ്റും പ്രവർത്തി പുരോഗതി റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ലെന്നും ആയത് 19.09.2017 ന് മുമ്പ് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് കത്തെഴുതിയിട്ടുണ്ട്. ഇതിൻ മേൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (28/18-19/05.09.2019) ലഭ്യമാക്കിയ 409/19 നമ്പർ കത്ത് പ്രകാര മുള്ള മറുപടിയിൽ അപാകതകളെല്ലാം പരിഹരിയ്ക്കാൻ നടപടികൾ ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. സൂത്ര കുളങ്ങര റോഡിന് വേണ്ടി അധികം ചെലവഴിച്ച 31250 രൂപ കൺവീനർ മരണപ്പെട്ടിട്ടുള്ളതിനാൽ മറ്റു കൺവീനർമാരിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. പട്ടിക ജാതി വിഭാഗക്കാരുടെ അധീനതയിലുള്ള കാവുകളുടെ സംരക്ഷണത്തിനായി ലഭിച്ച തുകയുടെ കൃത്യമായ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-4 പാലിയേറ്റീവ് കെയർ പദ്ധതി ഹോം കെയർ ടീമിന് അധിക ഭക്ഷണചെലവ് അനുവദിച്ചു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പാക്കിയിട്ടുള്ള പാലിയേറ്റീവ് കെയർ പദ്ധതിയിൽ (എസ്.ഒ 29/19) 2018 നവംബർ . ഡിസംബർ മാസങ്ങളിലെ ഹോം സോയർ ടീമിന് ഭക്ഷണ ചെലവ് ഇനത്തിൽ 11000/- രൂപ അനുവദിച്ചിട്ടുണ്ട്. (ബിൽ നമ്പർ 5/18-19/23.03.2019) 29.10.2015 ലെ സ.ഉ(സാധാ)/3217/2015 നമ്പർ ഉത്തരവ് പ്രകാരമുള്ള പാലീയേറ്റീവ് സാന്ത്വന ഗൃഹ പരിചരണ പദ്ധതിയിൽ ഹോംകെയറിന് പോകുന്ന ഒരു ടീമിന്റെ ഭക്ഷണ ചെലവ് 250 രൂപ വരെ യാകാവുന്നതാണ്. ഇവിടെ നവംമ്പർ ഡിസംമ്പർ മാസങ്ങളിൽ 32 ടീമുകളാണ് ഗൃഹ സന്ദർശനം നടത്തിയിട്ടുള്ളത്. ഇവിടെ 8000/- രൂപയാണ് പരമാവധി അനുവദിയ്ക്കാവുന്ന തുക(250X32=8000) 3000/- രൂപ അധികം അനുവദിച്ചു.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/18-19) മറുപടി ലഭ്യമാക്കിയിട്ടില്ല. 3000/- രൂപയുടെ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 183600 | മാത്തിൽ ഏറുകാട് ശുദ്ധ ജല പദ്ധതി | 0 | 183600- |
| ജില്ലാ പഞ്ചായത്ത് | 2018-19 | 50000 | പാലിന് സബ്സിഡി | 50000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 207500 | ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 207500 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1659078 | ലൈഫ് ഭവന പദ്ധതി | 391032 | 728046 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | പാലിന് സബ്സിഡി | 300000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 5349563 | ലൈഫ് ഭവന പദ്ധതി | 4072428 | 1277135 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400000 | ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 40000 | - |
| | | | | | |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 479/2010 തി.11.2.2010 | 6960000 | 1293342 | 606000 | | 687342 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം |
|---|---|---|

| | | |
|---|---|---|
| 1999-00, 61(6) | 2003-04, 11.13.2.3 | പൊതു പരാമർശം - വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല |
| 1999-00, 42 | 2003-04, 11.13.5.16 | മൈത്രീ ഭവന പദ്ധതി ഉത്തരവാദിത്വം നിറവേറ്റിയില്ല |
| 1999-00, 30,31 | 2003-04,11.13.7(23).116 | നികുതി പിരിവിൽ അലംഭാവം |
| 2000-01, 7 | 2003-04, 11.14.117 | പൊതു പരാമർശം - കേച്ചേരി മിനി കുടിവെള്ള പദ്ധതി |
| 1999-00, 35<br>47<br>53 | 2003-04,11.14.119 | 1. ചാലിയം കടവ് ലേലം.<br>2. എ.പി.റോഡ് കരുവൻതുരുത്തി കടവ് റോഡ്.<br>3. ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല. |
| 2009-10, 3-8 | 2011-12, 2.7(3),26. | വനിത വ്യവസായ കേന്ദ്രം വൻതുക ചെലവഴിച്ച് നിർമ്മിച്ചത് ഉപയോഗപ്പെടുത്തുന്നില്ല. |
| 2002-03, 2-4 | 2004-05, 3.11.1.4.1.7 | കേസ് വ്യക്തിപരം – ഫീസ് പഞ്ചായത്തിൽ നിന്നും നൽകി |
| | 2014-15, 4.2.9.51 | ആർ. എം. എഫ്. അധികം ഒടുക്കി |
| | 2014-15, 5.7.7.89 | മൃഗാശുപത്രി – വാടക നൽകിയില്ല |
| | 2014-15, 5.7.12.100 | കർഷകർക്ക് പരിശോധനാ കിറ്റ് നൽകിയില്ല |
| | 2014-15, 5.7.12.100 | ഗോരക്ഷാ ക്യാംപ് നടത്തിയില്ല |
| | 2014-15, 5.7.12.101 | സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിൽ കാലതാമസം |
| | 2014-15, 5.7.12.106 | തെരുവു വിളക്കുകളുടെ കണക്കെടുപ്പ് നടത്തിയില്ല |
| 2014-15, 3-31 | 2016-17, 4.2.1.49 | പുറമ്പോക്ക് സംരക്ഷണം – അപാകതകൾ |
| 2014-15, 2-5 | 2016-17, അനുബന്ധം - 4 | തൊഴിൽ നികുതി – അപാകതകൾ |
| 2015-16, 2-6 | 2016-17, അനുബന്ധം -5 | തൊഴിൽ നികുതി – അപാകതകൾ |

# 4-8 അവശേഷിക്കുന്ന ചാർജ് /സർചാർജ് നടപടികളുടെ വിവരം

<u>(എ)ചാർജ് നടപടികളുടെ വിവരം</u>

ഇല്ല

<u>(ബി)സർചാർജ് നടപടികളുടെ വിവരം</u>

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോ ഗിക സ്ഥാനം, ഭരണ വകുപ്പ് | സർ ചാർജ് സർട്ടി ഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവ ഹാര ങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1997-98 | 14 | T.T.K Balan, Secretary | LF.9086/ Spl Cell. SC4/2001 Dt. 3.10.02, 22.10.02 | 3091 | - | - | - | - | - | - | - |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 122470899 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 104331252 |
| വരവിനങ്ങളിലുള്ള നഷ്ടം | 10979 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 396161 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1355624 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 24996 | ശ്രീ. എം. ജി. ഷനൂപ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 336915 | |
| 3-3 | | 31250 | ശ്രീ ഫവാസ് ഷമീം ടി കെ, സെക്രട്ടറി |
| 3-4 | | 3000 | ഡോ അനിൽകുമാർ പി സി, മെഡിക്കൽ ഓഫീസർ |
| 2-1 | 10979 | | പ്രസന്നകുമാർ കെ, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14-1 | 246320 | പ്രസന്നകുമാർ കെ, സെക്രട്ടറി |
| 1-14-2 | 1004304 | പ്രസന്നകുമാർ കെ, സെക്രട്ടറി |
| 1-14-17 | 105000 | ഡോ അനിൽകുമാർ പി സി, മെഡിക്കൽ ഓഫീസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഫവാസ് ഷമീം ടി കെ, സെക്രട്ടറി | സെക്രട്ടറി കടലുണ്ടി ഗ്രാമ പഞ്ചായത്ത് | തൊടുപൊയിൽ ,ഉണ്ണികുളം, കോഴിക്കോട് |
| ഡോ അനിൽകുമാർ പി സി, | മെഡിക്കൽ ഓഫീസർകടലുണ്ടി ഗ്രാമ പഞ്ചായത്ത് | സരസ്വതി സദനം, പൈപ് ലൈൻ റോഡ്, പട്ടേരി, കുതിരവട്ടം പി ഒ |
| പ്രസന്നകുമാർ കെ, സെക്രട്ടറി | സെക്രട്ടറി കടലുണ്ടി ഗ്രാമ പഞ്ചായത്ത് | സ്വാസ്തിക, പികെ സി റോഡ്, വെസ്റ്റ് ഹിൽ |
| ശ്രീ. എം. ജി. ഷനൂപ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കടലുണ്ടി ഗ്രാമ പഞ്ചായത്ത് | മണ്ണലാംകുന്നത്ത് വീട്, കീഴൂർ പി. ഒ, കുന്നംകുളം, തൃശ്ശൂർ – 680523 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1992-93 & 1993-94 | എൽ.എഫ്.എസ്.2/1535/1995, 09.04.1999 | 7 | |
| 1995-96 | എൽ.എഫ്.കെ.കെ.ഡി.പി.2/188/2011(7), 26.04.2011 | 2 | 28,29 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.പി.2/105/2012(1), 10.05.2012 | 1 | 21 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി.പി.2/105/2012(2), 10.05.2012 | 5 | 10,14,23,24,28 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി.2/105/2012(3), 10.05.2012 | 7 | 30,38,39,40,41,44,45 |
| | | | |

| | | | |
|---|---|---|---|
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012, 14.11.2012 | 7 | 6,7,10,11(2),(3),12,19 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(1), 14.11.2012 | 8 | 2-4,2-5,2-6,3-3,3-5, 3-9,3-10,3-11,3-12 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(2), 14.11.2012 | 4 | 2-1,3-1,3-4,3-6 |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്.1/1079/2003, 01.01.2004 | 1 | |
| 2002-03 (വരവ്) | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(6), 15.03.2013 | 1 | 2-2 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി.2/514/2012(5), 15.03.2013 | 11 | 2-1,2-4,2-4A,2-4C,9, 10,11,13(1),14,18,19 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.2/1709/2012, 06.04.2013 | 7 | 2-1,2-3,3-1,3-2,3-3,3-4, 3-8B |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.2/1710/2012, 22.04.2013 | 13 | 2-1,3-4,3-7,3-11,3-13, 3-15,3-16,3-17 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.2/1711/2012, 11.06.2013 | 2 | 3-3,4-5 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.2/1130/2015, 29.10.2015 | 19 | 2-6, 2-8, 2-12, 3-1,3-2,3-3,3-9, 3-10, 3-11, 3-13, 3-15, 3-16, 3-19,3-20,3-23,3-24,3-25,4-3,4-4 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.2/184(2)/2015, 19.06.2015 | 23 | 2-8,2-9,2-10,2-11,3-2, 3-6,3-7,3-8,3-9,3-11, 3-12,3-16,3-18,3-19,3-20, 3-21,3-22,3-26,3-27,4-2,4-3 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.2/62/2015, 01.07.2013 | 11 | 28,28 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.2/184(3)/2015, 19.06.2015 | 09 | 3-2,3-5,3-6,3-7,3-8,4-3,4-4,4-77 |
| 2010-11 & 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.2/599/2015, 15.05.2015 | 13 | 1-5,2-3,3-3,3-5,3-8,3-11, 3-13,3-16,3-18,3-19,3-20,3-22 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി.2/62/2015, 10.04.2015 | 14 | |
| 2013-14,2014-15 | കെ.എസ്.എ.കെ.കെ.ഡി. പി.2/314/16 /13.5.2016 | 41 | 2-1,2-2,2-3,2-4,2-5,2-6,2-7, 3-1,3-2,3-3,3-4,3-5,3-6,3-7, 3-8,3-9,3-11,3-12,3-14,3-16, 3-17,3-18,3-19,3-20,3-21,3-22, |

| | | | |
|---|---|---|---|
| | | | 3-23,3-26,3-27,3-31,3-31,3-34,4-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി.11/2076/16 | 25 | 2-1,2-2,2-3,2-4,2-5,2-6,2-7,2-8, 2-9,3-1,3-2,3-3,3-4,3-5,3-6, 3-7,3-8,3-9,3-10,3-11,3-12,3-13, 3-14,3-15,3-16 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി.11/1635/17 തീയതി 11.8.2017 | 24 | 1-10,2-1,2-2,2-3,(1),2-3(2), 2-4,2-5,2-6,2-7,3-2,3-4, 3-5,3-6,3-7,3-8,3-10,3-11, 3-12,3-13,3-14,3-16,4-9 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കടലുണ്ടി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു . (ഖണ്ഡിക 1-12 കാണുക)

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-12 കാണുക) ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്